20
2025
സെപ്റ്റംബർ
ശനി
കന്നി 4

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No. 235 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-235 പേജ് 4. വില 2.00 രൂപ

02 യൂറോപ്യൻ യൂണിയനുമായുള്ള ബന്ധം തീരദേശ പരിപാലനത്തിന് ഗുണകരമാകുമെന്ന്

03 ഇന്ത്യയുടെ സമുദ്രാധിഷ്ഠിത വികസന പദ്ധതികളിൽ കേരളത്തിന് വലിയ സാധ്യത

04 പാലിയേക്കരയിൽ ടോൾ പിരിവ് തിങ്കളാഴ്ച മുതൽ

# സമുദ്ര സമ്പദ് വ്യവസ്ഥ ശക്തിപ്പെടുത്തുന്നതിൽ കേരളം മാതൃക: കേന്ദ്ര ഫിഷറീസ് മന്ത്രി

## ● മത്സ്യ ഉത്പാദന രംഗത്ത് രാജ്യം വികസനക്കുതിപ്പിൽ

തിരുവനന്തപുരം : മത്സ്യ ഉത്പാദന രംഗത്ത് രാജ്യം വികസനക്കുതിപ്പിലാണെന്നും സമുദ്ര സമ്പദ് വ്യവസ്ഥ ശക്തിപ്പെടുത്തുന്നതിൽ കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണെന്നും കേന്ദ്ര ഫിഷറീസ് മന്ത്രി ശ്രീ രാജീവ് രഞ്ജൻ സിംഗ്. മത്സ്യബന്ധന മേഖലയിലെ സുസ്ഥിരത ഉറപ്പാക്കാൻ കേരള ഗവൺമെന്റ് സംഘടിപ്പിച്ച ബ്ലൂ ടൈഡ്സ് കേരള യൂറോപ്യൻ യൂണിയൻ കോൺക്ലേവിന്റെ ഉദ്ഘാടന ചടങ്ങിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യ ലോകത്തിലെ രണ്ടാമത്തെ വലിയ മത്സ്യോത്പാദക രാജ്യമാണെന്ന് പറഞ്ഞ അദ്ദേഹം, 201415ൽ 9.6 ദശലക്ഷം ടൺ ആയിരുന്ന ഇന്ത്യയുടെ മത്സ്യോത്പാദനം 20242025ൽ 19.5 ദശലക്ഷം ടണ്ണായി വർധിച്ചുവെന്ന് ചൂണ്ടിക്കാട്ടി.



സമുദ്ര സമ്പദ് വ്യവസ്ഥ ശക്തിപ്പെടുത്തുന്നതിൽ കേരളം തങ്ങളുടെ പ്രതിബദ്ധത തുടരണമെന്ന് പറഞ്ഞ കേന്ദ്ര മന്ത്രി, മത്സ്യബന്ധന മേഖലയിലെ പ്രവർത്തനങ്ങൾക്കായി 1346 കോടി രൂപ കേന്ദ്രം കേരളത്തിന് അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. പ്രധാനമന്ത്രി മത്സ്യസമ്പദ യോജനയിലൂടെയും മറ്റ് പദ്ധതികളിലൂടെയും കേന്ദ്ര ഗവൺമെന്റ് കേരളത്തിന് എല്ലാ പിന്തുണയും നൽകുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വളർച്ചയുടെ പുതിയ അവസരങ്ങൾക്ക് സമുദ്രം പ്രധാന പങ്കുവഹിക്കുന്നുവെന്ന് വീഡിയോ സന്ദേശത്തിലൂടെ കോൺക്ലേവിനെ അഭിസംബോധന ചെയ്ത കേന്ദ്ര തുറമുഖ കപ്പൽ ജലഗതാഗത മന്ത്രി ശ്രീ സർബാനന്ദ സോനോവാൾ പറഞ്ഞു. കടലിന്റെ ശക്തി സംരക്ഷിക്കുന്നതിനൊപ്പം ഉത്തരവാദിത്തത്തോടെ ഉപയോഗിക്കുന്നതിനുള്ള വഴികളും പരിശോധിക്കണമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. കേരള യൂറോപ്യൻ യൂണിയൻ ബ്ലൂ ഇക്കോണമി കോൺക്ലേവ് കേവലം സംഭാഷണത്തിനുള്ള വേദി മാത്രമല്ല, സമുദ്ര സമ്പദ്വ്യവസ്ഥയോടുള്ള നമ്മുടെ പ്രതിബദ്ധതയുടെ വേദി കൂടിയാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ കേരളത്തിൽ 7 ആധുനിക മത്സ്യബന്ധന തുറമുഖങ്ങൾ, 9 സംയോജിത ആധുനിക തീരദേശ മത്സ്യബന്ധന ഗ്രാമങ്ങൾ, കാലാവസ്ഥയെ അതിജീവിക്കുന്ന 6 തീരദേശ മത്സ്യബന്ധന ഗ്രാമങ്ങൾ, 2 അത്യാധുനിക മത്സ്യ മാർക്കറ്റുകൾ, ഐ എസ് ആർ ഒയുമായി സഹകരിച്ച് മത്സ്യത്തൊഴിലാളികൾക്കുള്ള 6500 ട്രാൻസ്പോണ്ടറുകൾ തുടങ്ങിയവ പ്രവർത്തനക്ഷമമാക്കിയെന്ന് കോൺക്ലേവിൽ മുഖ്യാതിഥിയായി സംസാരിച്ച കേന്ദ്ര സഹമന്ത്രി ശ്രീ ജോർജ് കുര്യൻ പറഞ്ഞു. നിലവിലെ ആഗോള സാഹചര്യത്തിൽ ഇന്ത്യ യൂറോപ്യൻ യൂണിയൻ ബന്ധം അടുത്ത തലത്തിലേക്ക് എത്തിക്കുക എന്നത് കൂട്ടായ ഉത്തരവാദിത്തവും പ്രതിജ്ഞാബദ്ധതയുമാണ് എന്ന പ്രധാനമന്ത്രിയുടെ ദർശനം കേന്ദ്ര മന്ത്രി ചൂണ്ടിക്കാട്ടി.

സ്ഥാന മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ കോൺക്ലേവ് ഉദ്ഘാടനം ചെയ്തു. മികച്ച തൊഴിൽ വിഭവ ശേഷിയും അടിസ്ഥാന സൗകര്യങ്ങളുമുള്ള കേരളം, യൂറോപ്യൻ യൂണിയനുമായി കൂടുതൽ വാണിജ്യ ബന്ധങ്ങൾക്ക് സന്നദ്ധമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. കേരള ഫിഷറീസ് വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അബ്ദുൾ നാസർ ബി IAS ചടങ്ങിൽ നന്ദി പറഞ്ഞു.

# സ്വർണപ്പാളി വിവാദം: അടിയന്തര പ്രമേയത്തിന് അനുമതിയില്ല; സഭ ബഹിഷ്കരിച്ച് പ്രതിപക്ഷം

തിരുവനന്തപുരം: ശബരിമലയിലെ സ്വർണപ്പാളി വിവാദത്തിൽ പ്രതിപക്ഷത്തിന്റെ അടിയന്തരപ്രമേത്തിന് അനുമതിയില്ല. കോടതിയുടെ പരിഗണനയിലുള്ള വിഷയമാണെന്നും നോട്ടീസ് പരിഗണിക്കാനാവില്ലെന്നും സ്പീക്കർ അറിയിച്ചു.

ശ്രീകോവിലിലെ ശില്പം പൊതിഞ്ഞ സ്വർണപ്പാളി അനുമതിയില്ലാതെ കൊണ്ടുപോയതും അതിന്റെ തൂക്കം നാലു കിലോയോളം കുറഞ്ഞു എന്ന് കണ്ടെത്തിയതും വിശ്വാസ സമൂഹത്തിൽ കടുത്ത ആശങ്ക ഉണ്ടാക്കി എന്ന് വ്യക്തമാക്കിക്കൊണ്ട് തിരുവഞ്ചൂർ രാധാകൃഷ്ണനാണ് അടിയന്തര പ്രമേയ നോട്ടീസ് നല്കിയത്.

കോടതിയുടെ പരിഗണനയിലുള്ള വിഷയങ്ങൾ നേരത്തെയും പരിഗണിച്ചിട്ടുണ്ടെന്നും ഗൗരവതരമായ വിഷയമാണെന്നും പ്രതിപക്ഷനേതാവ് വി. ഡി. സതീശൻ പറഞ്ഞു. ശബരിമലയിലെ സ്വർണം അടിച്ചുമാറ്റിയെന്നും കുറ്റക്കാരെ സർക്കാരും ദേവസ്വം ബോർഡ് സംരക്ഷിക്കുന്നെന്നും സതീശൻ വിമർശിച്ചു.

ശബരിമലയോട് സർക്കാർ അവഗണന തുടരുകയാണെന്നും ഇക്കാര്യം സഭ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്നും പ്രതിപക്ഷം ആവശ്യപ്പെട്ടു. എന്നാൽ അടിയന്തര പ്രമേയം അനുവദിക്കാതിരുന്നതോടെ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

എന്നാൽ കോടതിയോടും സഭയോടും പ്രതിപക്ഷം പരാക്രമം കാണിക്കുന്നെന്ന് മന്ത്രി എം. ബി രാജേഷ് പറഞ്ഞു. കോടതിയിൽ ഇരിക്കുന്ന വിഷയം സഭയ്ക്ക് പരിഗണിക്കാൻ സാധിക്കില്ലെന്ന് പ്രതിപക്ഷ നേതാവിന് വ്യക്തമായി അറിയാം. പ്രതിപക്ഷത്തിന് കൊതിക്കെറുവാണ്. അയ്യപ്പ സംഗമം കലക്കാൻ പ്രതിപക്ഷം ശ്രമിച്ചെങ്കിലും അത് നടന്നില്ല. അതിന്റെ അതൃപ്തിയാണെന്നും മന്ത്രി പരിഹസിച്ചു.

മൂന്നുദിവസം അടിയന്തരപ്രമേയം ചർച്ച ചെയ്തതിന്റെ ക്ഷീണം പ്രതിപക്ഷത്തിനുണ്ട്. ഇന്ന് ഇരിക്കേണ്ടി വരുമോയെന്ന് പ്രതിപക്ഷത്തിന് ആശങ്കയാണ്. സഭയിൽ ആർഎസ്എസിന് ആളില്ലാത്തതിന്റെ കുറവ് പ്രതിപക്ഷ നേതാവ് തന്നെ ഏറ്റെടുത്തിരിക്കുന്നെന്നും അദ്ദേഹം പറഞ്ഞു.

നാദാപുരത്ത് വീടിന് നേരെ സ്ഫോടക വസ്തു എറിഞ്ഞു

# കൈക്കൂലി വാങ്ങിയ സംഭവം; തിരുവനന്തപുരം നഗരസഭാ കൗൺസിലറെ പുറത്താക്കി

തിരുവനന്തപുരം: കൈക്കൂലി വാങ്ങിയ ദൃശ്യങ്ങൾ പുറത്തുവന്നതിന് പിന്നാലെ തിരുവനന്തപുരം നഗരസഭയിലെ മുട്ടത്തറ കൗൺസിലർ ബി. രാജേന്ദ്രനെ പുറത്താക്കി സിപിഎം. കൗൺസിലർ പദവി രാജിവയ്പിച്ച ശേഷമായിരുന്നു പാർട്ടിയിൽ നിന്ന് പുറത്താക്കിയത്. സിപിഎം ജില്ലാ സെക്രട്ടറി വി. ജോയ് എംഎൽഎ ആണ് ഇക്കാര്യം വ്യക്തമാക്കിയത്. നഗരസഭയിൽ റോഡ് അറ്റകുറ്റപണിയ്ക്ക് പണം അനുവദിച്ചതിനാണ് രാജേന്ദ്രൻ പ്രദേശവാസികളിൽ നിന്ന് കൈക്കൂലി ആവശ്യപ്പെട്ടത്. സംഭവത്തിന്റെ ദൃശ്യങ്ങളും പുറത്തുവന്നിരുന്നു. തുടർന്ന് സിപിഎം ജില്ലാ കമ്മിറ്റിയും ഏരിയ കമ്മിറ്റിയും നടത്തിയ അന്വേഷണത്തിൽ ആരോപണത്തിൽ കഴമ്പുണ്ടെന്ന് കണ്ടെത്തിയിരുന്നു. ഇതിന് പിന്നാലെയാണ് നടപടി.

നഗരസഭയിൽ റോഡ് അറ്റകുറ്റപണിയ്ക്കായി 12 ലക്ഷം രൂപ അനുവദിച്ചതിന് പിന്നാലെയാണ് രാജേന്ദ്രൻ ഒരു ലക്ഷം രൂപ കൈക്കൂലി ആവശ്യപ്പെട്ടത്. ഇയാൾ കൈക്കൂലി വാങ്ങുന്നതിന്റെ ദൃശ്യങ്ങളും പുറത്തുവന്നിരുന്നു.

# ബലൂചിസ്ഥാൻ ലിബറേഷൻ ആർമിയെ ഭീകരസംഘടനയായി പ്രഖ്യാപിക്കണമെന്ന് പാക്കിസ്ഥാനും ചൈനയും

ന്യൂയോർക്ക്: ബലൂചിസ്ഥാൻ ലിബറേഷൻ ആർമിയെയും (ബിഎൽഎ) അതിന്റെ ചാവേർ വിഭാഗമായ മജീദ് ബ്രിഗേഡിനെയും ഭീകരസംഘടനകളായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട് പാക്കിസ്ഥാനും ചൈനയും. യുഎൻ രക്ഷാസമിതിയിലാണ് ഇരുരാജ്യങ്ങളും ആവശ്യമുന്നയിച്ചത്.

ബിഎൽഎ ഉൾപ്പെടെയുള്ള ഭീകരസംഘടനകൾ അഫ്ഗാനിസ്ഥാനിലാണു പ്രവർത്തിക്കുന്നതെന്നും അതിർത്തികടന്നുള്ള ആക്രമണത്തിനായി ഇവരുടെ അറുപതോളം ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്നും യുഎന്നിലെ പാക്കിസ്ഥാന്റെ സ്ഥിരം പ്രതിനിധി അസീം ഇഫ്തിക്കർ പറഞ്ഞു.

2011ൽ രൂപീകരിച്ച മജീദ് ബ്രിഗേഡ് പ്രധാനമായും പാക്ക് സേനയ്ക്കും ചൈനയ്ക്കും എതിരെയാണു പ്രവർത്തിക്കുന്നത്. കഴിഞ്ഞ മാസം യുഎസ് ഇവയെ ഭീകരസംഘടനകളായി പ്രഖ്യാപിച്ചിരുന്നു.

# ചോദ്യോത്തര വേളയ്ക്കിടെ ദേഹാസ്വാസ്ഥ്യം; മന്ത്രി ശിവൻകുട്ടിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു

തിരുവനന്തപുരം: നിയമസഭയിൽ ചോദ്യോത്തര വേളയിൽ മറുപടി പറയുന്നതിനിടെ മന്ത്രി വി. ശിവൻകുട്ടിക്ക് ദേഹാസ്വാസ്ഥ്യം. ഉടൻ തന്നെ അദ്ദേഹത്തെ ആശുപത്രിയിൽ എത്തിച്ചു.

ചെറിയ തലകറക്കം അനുഭവപ്പെട്ടെന്നും മറ്റ് ആരോഗ്യപ്രശ്നങ്ങളില്ലെന്നും മന്ത്രിയുടെ ഓഫീസ് അറിയിച്ചു. അതേസമയം, രക്തസമ്മർദത്തിൽ വ്യതിയാനം സംഭവിച്ചതാണ് ദേഹാസ്വാസ്ഥ്യത്തിന് കാരണമെന്ന് ഡോക്ടർമാർ അറിയിച്ചു. ഓൺലൈൻ ഡെലിവറി ജോലിക്കാരുടെ പ്രശ്നങ്ങളെക്കുറിച്ചുള്ള ചോദ്യത്തിന് മറുപടി പറയുകയായിരുന്നു മന്ത്രി. തുടർന്ന് സ്പീക്കറുടെ നിർദേശ പ്രകാരം ശിവൻകുട്ടി മറുപടി പറയേണ്ടിയിരുന്ന ചോദ്യങ്ങൾക്ക് മന്ത്രി എം. ബി. രാജേഷ് മറുപടി പറഞ്ഞു.

# മൊബൈൽ ഫോൺ മോഷ്ടിച്ച യുവാവും സുഹൃത്തും അറസ്റ്റിൽ

തിരുവല്ലം: തുറന്നുകിടന്ന വീടിനുള്ളിൽ നിന്ന് മൊബൈൽ ഫോൺ മോഷ്ടിച്ച യുവാവും സുഹൃത്തും അറസ്റ്റിൽ. പത്തനംതിട്ട വെള്ളപ്പാറ വട്ടക്കാവ് സ്വദേശി അനൂപ് (44), സുഹൃത്ത് കരമന നെടുങ്കാട് സ്വദേശി ബിജു എന്ന ഉണ്ണി (36) എന്നിവരാണ് അറസ്റ്റിലായത്.

മുട്ടയ്ക്കാട് സ്വദേശി സന്തോഷിന്റെ ഫോണാണ് കവർന്നത്. സന്തോഷ് ഉച്ചയ്ക്ക് ഉറങ്ങാൻ കിടന്നപ്പോൾ വീടിന്റെ മുൻവാതിൽ അടയ്ക്കാൻ മറന്നുപോയിരുന്നു. ഈ സമയം അതുവഴികടന്നുപോയ അനൂപ് വീടിനുള്ളിൽ കയറി മേശപ്പുറത്തിരുന്ന മൊബൈൽ ഫോണുമായി കടന്നുകളയുകയായിരുന്നു. വൈകിട്ട് സന്തോഷ് ഉണർന്നപ്പോഴാണ് ഫോൺ കാണാനില്ലെന്ന് മനസിലാക്കിയത്. തിരുവല്ലം പോലീസിൽ നൽകിയ പരാതിയെ തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് അനൂപും ഉണ്ണിയും പിടിയിലാകുന്നത്. പ്രതികളെ റിമാൻഡ് ചെയ്തു.






# എന്റെ ഭൂമി ഡിജിറ്റൽ സർവെ പദ്ധതി പോർട്ടൽ കിയോസ്ക് മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്തു

എന്റെ ഭൂമി ഡിജിറ്റൽ സർവെ പദ്ധതിയുടെ ഭാഗമായുള്ള പോർട്ടലിന്റെ കിയോസ്ക് സംവിധാനം റവന്യൂ-ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്തു.

സംസ്ഥാനത്തെ 530 വില്ലേജുകളിലെ മുൻ സർവെ റിക്കാർഡുകൾ 'എന്റെ ഭൂമി' പോർട്ടലിൽ ലഭ്യമാണ്. ശേഷിക്കുന്ന വില്ലേജുകളുടെ ഡിജിറ്റലൈസേഷൻ ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്. ഈ സംവിധാനം വഴി ഭൂഉടമകൾക്ക് മാപ്പുകളും ഭൂരേഖകളും ഓൺലൈനായി പണമടച്ച് ഡൗൺലോഡ് ചെയ്യാം. പോർട്ടലിൽ ലഭ്യമല്ലാത്ത രേഖകൾക്ക് ഓൺലൈനായി അപേക്ഷിക്കാനും സൗകര്യമുണ്ട്.

തിരുവനന്തപുരം വഴുതക്കാടുള്ള സർവെ ഡയറക്ടറേറ്റിൽ സജ്ജീകരിച്ച കിയോസ്ക് വഴി പൊതുജനങ്ങൾക്ക് കാലതാമസം കൂടാതെ റിക്കാർഡുകൾ ഫീസ് അടച്ച് പ്രിന്റ് ചെയ്ത് എടുക്കാം. ഡിജിറ്റൽ സർവെ രേഖകളും ഇതു വഴി ലഭ്യമാണ്. ഇതിനായി ഹെൽപ്പ് ഡെസ്കും സജ്ജീകരിച്ചിട്ടുണ്ട്.

ഇവിടെ സ്ഥാപിച്ചിട്ടുള്ളത് കേവലം ഒരു കിയോസ്ക് മാത്രമല്ലെന്നും അതിനോടനുബന്ധിച്ച് ഒരു സർവീസ് സെന്റർ കൂടി ഉണ്ടാക്കാവുന്ന വിധത്തിലാണ് അതിന്റെ രൂപകൽപ്പനയും നിർമ്മാണവുമെന്നും മന്ത്രി കെ രാജൻ പറഞ്ഞു. ഇതിനകം സർവ്വേ കഴിഞ്ഞിട്ടുള്ള ഭൂമിയുടെ സ്കെച്ച് എടുക്കാൻ മിനിറ്റുകൾ കൊണ്ട് സാധ്യമാകുമെന്ന സവിശേഷതയുമുണ്ടെന്ന് മന്ത്രി പറഞ്ഞു.

സർവെയും ഭൂരേഖയും വകുപ്പ് ഡയറക്ടർ സീറാം സാംബശിവ റാവു അധ്യക്ഷനായിരുന്ന ചടങ്ങിൽ വഴുതക്കാട് വാർഡ് കൗൺസിലർ രാഖി രവികുമാർ, ലാൻഡ് റവന്യൂ കമ്മീഷണർ ജീവൻ ബാബു കെ. സർവെയും ഭൂരേഖയും വകുപ്പ് അഡീഷണൽ ഡയറക്ടർ സതീഷ് കുമാർ പി എസ് തുടങ്ങിയവർ പങ്കെടുത്തു.

# ജർമ്മൻ എംബസി ഫസ്റ്റ് സെക്രട്ടറി ഡോ. സൈമൺ പെർക്കർ നോർക്ക സന്ദർശിച്ചു

## ആരോഗ്യമേഖലയ്ക്കു പുറമേയുള്ള റിക്രൂട്ട്മെന്റ് സാധ്യതകൾ ചർച്ചയായി

ഇന്ത്യയിലെ ജർമ്മൻ എംബസിയുടെ (ന്യൂഡൽഹി) ഫസ്റ്റ് സെക്രട്ടറി ഡോ. സൈമൺ പെർക്കർ നോർക്ക റൂട്ട്സ് ആസ്ഥാനമായ നോർക്ക സെന്റർ സന്ദർശിച്ചു. ജർമ്മനിയിലെ ആരോഗ്യമേഖലയ്ക്കു പുറമേയുള്ള തൊഴിൽ വൈദഗ്ധ്യം ആവശ്യമായ മേഖലകളിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് സാധ്യതകൾ നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശ്ശേരിയുമായുള്ള കൂടിക്കാഴ്ചയിൽ അദ്ദേഹം വിശദീകരിച്ചു. ആരോഗ്യമേഖലയ്ക്കു പുറമേയുള്ള സ്കിൽഡ് മൈഗ്രേഷൻ സാധ്യതകളിലെ നോർക്ക റൂട്ട്സുമായുള്ള സഹകരണ സാധ്യതകളും കൂടിക്കാഴ്ചയിൽ ചർച്ചയായി. കേരളത്തിൽ നിന്നും ജർമ്മനിയിലേയ്ക്കുള്ള നഴ്സിങ് റിക്രൂട്ട്മെന്റിനായുള്ള നോർക്ക ട്രിപ്പിൾ വിൻ കേരള പദ്ധതി, പ്ലസ്ടു വിനുശേഷം ജർമ്മനിയിൽ സൗജന്യവും സ്റ്റൈപ്പന്റോടെയുമുള്ള നഴ്സിങ് പഠനത്തിനും തുടർന്ന് ജോലിയ്ക്കും അവസരമൊരുക്കുന്ന നോർക്ക റൂട്ട്സ് ട്രിപ്പിൾ വിൻ ട്രെയിനി പ്രോഗ്രാം (അൗയെശഹറൗിഴ) ജർമ്മനിയിലെ ഇലക്ട്രീഷ്യൻമാരുടെ ഒഴിവുകളിലേയ്ക്ക് ജർമൻ സർക്കാറിന്റെ ഹാൻഡ് ഇൻ ഹാൻഡ് ഫോർ ഇന്റർനാഷണൽ ടാലന്റ്സ് (ഒശഒ) പ്രോഗ്രമിന്റെ ഭാഗമായി സംഘടിപ്പിച്ച റിക്രൂട്ട്മെന്റ് എന്നിവയുടെ നിലവിലുള്ള പുരോഗതിയും ചർച്ചയായി.

ട്രിപ്പിൾ വിൻ പദ്ധതിയുടെ ഭാഗമായുള്ള രാജ്യങ്ങളിൽ അപേക്ഷകരുടെ എണ്ണത്തിൽ ഏറ്റവുമധികം കേരളത്തിൽ നിന്നുള്ളതാണെന്നും ഡോ. സൈമൺ പെർക്കർ നിരിക്ഷിച്ചു. നിലവിൽ ജർമ്മൻ ഭാഷായോഗ്യതയ്ക്കാവശ്യമായ പരീക്ഷകൾക്കുള്ള സ്ലോട്ടുകൾ ലഭിക്കുന്നതിന്റെ പരിമിതി കൂടിക്കാഴ്ചയിൽ അജിത് കോളശ്ശേരി ശ്രദ്ധയിൽപെടുത്തി.

ഇക്കാര്യത്തിൽ സാധ്യമായ നടപടികൾ സ്വീകരിക്കാമെന്ന് ഡോ. സൈമൺ പെർക്കർ അറിയിച്ചു. തിരുവനന്തപുരം നോർക്ക സെന്ററിൽ നടന്ന ചടങ്ങിൽ ജർമ്മൻ സർക്കാറിന്റെ ഹോണററി കോൺസിൽ ഡോ. സയ്യിദ് ഇബ്രാഹിം, നോർക്ക റൂട്ടസ് റിക്രൂട്ട്മെന്റ് മാനേജർ പ്രകാശ് പി ജോസഫ്, അസിസ്റ്റന്റ് മാനേജർ സാനു കുമാർ എസ്, റിക്രൂട്ട്മെന്റ് വിഭാഗം പ്രതിനിധികൾ എന്നിവർ സംബന്ധിച്ചു.

# റഷ്യയിൽ 7.8 തീവ്രതയിൽ ഭൂചലനം, സുനാമി മുന്നറിയിപ്പ് നൽകി

മോസ്കോ: വടക്കുകിഴക്കൻ റഷ്യയിലെ കംചത്ക ഉപദ്വീപിന്റെ തീരപ്രദേശത്ത് 7.8 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം. ഉപദ്വീപിന്റെ കിഴക്കൻ തീരത്ത് സുനാമി മുന്നറിയിപ്പ് നൽകിയിട്ടുണ്ടെന്നും ജനങ്ങൾക്ക് അപ്പപ്പോൾ മുന്നറിയിപ്പ് നൽകുന്നുണ്ടെന്നും ഗവർണർ വ്ലാഡിമിർ സോളോഡോവ് അറിയിച്ചു.

ഭൂകമ്പം ഉണ്ടായത് പെട്രോപാവ്ലോവ്സ്ക്-കംചത്സ്കിയിൽ നിന്ന് 128 കിലോമീറ്റർ കിഴക്കായി 10 കിലോമീറ്റർ ആഴത്തിലാണെന്ന് യുഎസ് ജിയോളജിക്കൽ സർവേ റിപ്പോർട്ട് ചെയ്തു. നിലവിൽ ആളപായമോ നാശനഷ്ടങ്ങളോ റിപ്പോർട്ട് ചെയ്തിട്ടില്ല.

റഷ്യൻ സ്റ്റേറ്റ് ജിയോഫിസിക്കൽ സർവീസിന്റെ പ്രാദേശിക വിഭാഗം ഭൂകമ്പത്തിന്റെ തീവ്രത 7.4 ആയിട്ടാണ് രേഖപ്പെടുത്തിയത്. കുറഞ്ഞത് അഞ്ച് തുടർചലനങ്ങളും റിപ്പോർട്ട് ചെയ്തു. അടുത്തുള്ള തീരപ്രദേശങ്ങളിൽ അപകടകരമായ തിരമാലകൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് യുഎസ് പസഫിക് സുനാമി മുന്നറിയിപ്പ് കേന്ദ്രം അറിയിച്ചു.

പസഫിക് സമുദ്രത്തിലെ 'റിംഗ് ഓഫ് ഫയർ' എന്നറിയപ്പെടുന്ന ഭൂകമ്പ മേഖലയിലാണ് കംചത്ക ഉപദ്വീപ് സ്ഥിതി ചെയ്യുന്നത്. ജൂലൈയിൽ പ്രദേശത്ത് 8.8 തീവ്രത രേഖപ്പെടുത്തിയ വലിയ ഭൂകമ്പം സുനാമിക്ക് കാരണമാവുകയും ഒരു തീരദേശ ഗ്രാമത്തിന്റെ ഭാഗം കടലിലേക്ക് ഒഴുകിപ്പോവുകയും ചെയ്തു.

# പോലീസ് ട്രെയിനിയുടെ തൂങ്ങിമരണം; ദുരൂഹതയെന്ന് ബന്ധുക്കൾ

തിരുവനന്തപുരം: എസ്എപി ക്യാമ്പിൽ തൂങ്ങിമരിച്ച പോലീസ് ട്രെയിനി ആനന്ദിന് ജാതിയുടെ പേരിലും മറ്റും പീഡനം നേരിടേണ്ടി വന്നുവെന്ന് സഹോദരൻ അരവിന്ദ്. ശാരീരികമായും മാനസികമായും തളർന്ന ആനന്ദ് മൂന്ന് മാസമായി ആനന്ദ് ഡിപ്രഷനിലായിരുന്നുവെന്നും സഹോദരൻ പറഞ്ഞു. സംഭവത്തിൽ ദുരൂഹത ആരോപിച്ച ബന്ധുക്കൾ അന്വേഷണം ആവശ്യപ്പെട്ട് പേരൂർക്കട പോലീസിനും എസ്എപി കമാൻഡൻറിനും പരാതി നൽകി.

പോലീസ് ട്രെയിനിയായ വിതുര മീനാങ്കൽ സ്വദേശിയായ ആനന്ദ് രണ്ടു ദിവസം മുമ്പ് രണ്ട് കൈയിലും ബ്ലേഡ് കൊണ്ട് വരഞ്ഞ് ആത്മഹത്യക്ക് ശ്രമിച്ചിരുന്നു. ആനന്ദിനെ സഹപ്രവർത്തകർ ഉടൻ ആശുപത്രിയിലേക്ക് മാറ്റി. മുറിവുകൾ ഗുരുതരമായിരുന്നില്ല. തുടർന്ന് ക്യാമ്പിലേക്ക് കൊണ്ടുവന്ന ആനന്ദിന് കൗൺസിലിംഗ് നൽകി. പേരൂർക്കട പോലീസ് മൊഴിയെടുത്തപ്പോഴും ആർക്കെതിരെയും പരാതി പറഞ്ഞിട്ടില്ലെന്ന് പോലീസ് പറയുന്നു.

# ചട്ടപ്രകാരം വീട് നിർമ്മാണം അനുവദനീയമാണെങ്കിൽ പട്ടയ ഭൂമികളിലെ വീടുകൾ ക്രമവൽക്കരിക്കേണ്ടതില്ല: മന്ത്രി കെ രാജൻ

നിയമസഭ പാസാക്കിയ ഭൂപതിവ് ചട്ടം സബ്ജറ്റ് കമ്മിറ്റി അംഗീകരിച്ചതായി റവന്യൂ, ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ രാജൻ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഒരാഴ്ചയ്ക്കകം ഇതു സംബന്ധിച്ച സർക്കാർ വിജ്ഞാപനം പ്രസിദ്ധീകരിക്കും. ചട്ടം പ്രസിദ്ധീകരിച്ച സമയം മുതൽ ആളുകളെ തെറ്റിദ്ധരിപ്പിക്കുന്ന പ്രചാരണങ്ങൾ നടക്കുന്നുണ്ട്. ഇനി മുതൽ ഇടുക്കി ജില്ലയിലെ ഉൾപ്പടെ കേരളത്തിലെമ്പാടും പട്ടയ ഭൂമിയിലെ വീടുകൾ എല്ലാം ക്രമവൽക്കരിക്കേണ്ടി വരും എന്നാണ് പ്രചരിപ്പിക്കുന്നത്. എന്നാൽ ഇത് തീർത്തും വസ്തുതാവിരുദ്ധമാണെന്ന് മന്ത്രി പറഞ്ഞു. പട്ടയം അനുവദിച്ച ചട്ടപ്രകാരം വീട് നിർമ്മാണം അനുവദനീയമാണെങ്കിൽ അത്തരം ഭൂമികളിലെ വീടുകളൊന്നും ക്രമവൽക്കരിക്കേണ്ടതില്ല. റബ്ബർ കൃഷിക്കും മറ്റും മാത്രമായി അനുവദിക്കപ്പെട്ട ഭൂമിയിൽ വരുന്ന നിർമ്മാണങ്ങൾ ചട്ടപ്രകാരം ക്രമവൽക്കരിക്കണം. നിലവിലെ പട്ടയങ്ങളുടെ പൊതുസ്ഥിതി പരിശോധിച്ചാൽ 95 ശതമാനം വീടുകൾക്കും ക്രമവത്ക്കരണത്തിന് അപേക്ഷിക്കേണ്ടതില്ല.

പട്ടയ രേഖകൾ ഇല്ലാത്തവർക്ക് ക്രമവത്ക്കരണത്തിന് അപേക്ഷിക്കാൻ കഴിയില്ലെന്ന തെറ്റായ പ്രചാരണവും നടക്കുന്നുണ്ട്. നിജസ്ഥിതി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഇതിനും പരിഹാരം ഉണ്ടെന്ന് ഭൂപതിവ് ഭേദഗതി ചട്ടത്തിൽ വ്യക്തമാക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. ക്രമവത്ക്കരണത്തിനുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കുവാൻ ഓഫീസുകൾ അനിവാര്യമാണെന്ന് സബ്ജറ്റ് കമ്മിറ്റി സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് ജനങ്ങൾക്ക് കൂടുതൽ സഹായകരമാകും.

ടൂറിസം നിർമ്മാണങ്ങൾ ക്രമവൽക്കരിക്കാൻ ഭേദഗതി വരുത്തിയ ചട്ടത്തിൽ ന്യായവിലയുടെ 10 ശതമാനമാണ് ഫീസ് ഏർപ്പെടുത്തിയിരുന്നത്. സബ്ജക്ട് കമ്മിറ്റിക്കു ലഭിച്ച നിർദേശം പരിഗണിച്ച് ഇത് അഞ്ച് ശതമാനം ആയി കുറച്ചു. ടൂറിസം സാധ്യതകൾ കൂടി പരിഗണിച്ചാണ് ഈ ഇളവ് വരുത്തിയതെന്നും മന്ത്രി വിശദീകരിച്ചു.

# മസ്തിഷ്ക മരണം നിർണ്ണയിക്കുന്നതിൽ ഡോക്ടർമാർക്ക് പരിശീലനം

## മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കാൻ ശിൽപശാല സെപ്റ്റംബർ 20ന് തിരുവനന്തപുരത്ത്

മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മസ്തിഷ്കമരണം നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് ഡോക്ടർമാർക്ക് കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷന്റെ (കെ-സോട്ടോ) നേതൃത്വത്തിൽ ശിൽപശാല സംഘടിപ്പിക്കുന്നു. സെപ്റ്റംബർ 20ന് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ഡയമണ്ട് ജൂബിലി ഓഡിറ്റോറിയത്തിൽ നടക്കുന്ന ശിൽപശാല രാവിലെ 10ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ. കെ.വി. വിശ്വനാഥൻ ഉദ്ഘാടനം ചെയ്യും. കെ-സോട്ടോ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. എസ്.എസ്. നോബിൾ ഗ്രേഷ്യസ് അധ്യക്ഷനാകും.സംസ്ഥാനത്തെ ഐ.സി.യുകളിൽ മസ്തിഷ്കമരണം കൃത്യമായി റിപ്പോർട്ട് ചെയ്യാനും അതുവഴി അവയവദാന പ്രക്രിയ കൂടുതൽ കാര്യക്ഷമമാക്കാനും ഡോക്ടർമാരെ പ്രാപ്തരാക്കുക എന്നതാണ് ശിൽപശാല ലക്ഷ്യമിടുന്നത്. മസ്തിഷ്കമരണ നിർണയവുമായി ബന്ധപ്പെട്ട് 2020-ൽ സംസ്ഥാന സർക്കാർ പുറത്തിറക്കിയ ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിനും തുടർന്ന് അവയവദാനത്തിന് ബന്ധുക്കളോട് സന്നദ്ധത ആവശ്യപ്പെടുന്നതിനുള്ള നടപടിക്രമങ്ങളെക്കുറിച്ചും ശിൽപശാലയിൽ വിശദമായ പരിശീലനം നൽകും.മസ്തിഷ്ക മരണ നിർണ്ണയത്തിനുള്ള വ്യവസ്ഥകൾ, അതിന്റെ ലക്ഷണങ്ങൾ, ആപ്നിയ പരിശോധന, അവയവദാന നിയമത്തിൽ ഡോക്ടർമാരുടെ പങ്ക് തുടങ്ങിയ വിഷയങ്ങൾ ശിൽപശാലയിൽ ചർച്ച ചെയ്യും. സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ നിന്നുള്ള ഡോക്ടർമാർ ഇതിൽ പങ്കെടുക്കും. ഡൽഹി എയിംസിലെ പ്രൊഫസറും ന്യൂറോ സർജനുമായ ഡോ. ദീപക് കുമാർ ഗുപ്ത 'ബ്രെയിൻ സ്റ്റെം ഡെത്ത് മിമിക്സ്' എന്ന വിഷയത്തിലും ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിലെ ന്യൂറോ അനസ്തേഷ്യ അഡീഷനൽ പ്രൊഫ. ഡോ. അജയ് പ്രസാദ് ഹൃഷി 'ബ്രെയിൻ സ്റ്റെം ഡെത്ത് ടെസ്റ്റിംഗിനായുള്ള മുൻ വ്യവസ്ഥകൾ' എന്ന വിഷയത്തിലും സംസാരിക്കും. ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിലെ ന്യൂറോ സർജറി മേധാവിയായ പ്രൊഫ. ഡോ. എച്ച്.വി. ഈശ്വർ 'ബ്രെയിൻ സ്റ്റെം റിഫ്ലെക്സുകൾ' എന്ന വിഷയത്തെക്കുറിച്ചും തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജിലെ ക്രിട്ടിക്കൽ കെയർ പ്രൊഫസറും മേധാവിയുമായ ഡോ. അനിൽ സത്യദാസ് 'ആപ്നിയ പരിശോധനയെക്കുറിച്ചും ക്ലാസെടുക്കും. കൂടാതെ, ടിഎച്ച്ഒ നിയമത്തിൽ ഡോക്ടർമാരുടെ പങ്കിനെക്കുറിച്ച് കേരള ഹൈക്കോടതി അഭിഭാഷകനും കെ-സോട്ടോയുടെ നിയമ ഉപദേഷ്ടാവുമായ അഡ്വ. അജിത് ജോയ് വിശദീകരിക്കും. മസ്തിഷ്ക മരണം നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് കിംസ്ഹെൽത്ത് ക്രിട്ടിക്കൽ കെയർ സീനിയർ കൺസൾട്ടന്റ് ഡോ. ദീപ ദാസ് ഒരു മാതൃകാപരമായ അവതരണം നടത്തും. രോഗിയുടെ കുടുംബാംഗങ്ങളുമായി ആശയവിനിമയം നടത്തുന്നതിനുള്ള സിമുലേഷൻ ഡോ. ദീപ ദാസും കിംസ് ഹെൽത്ത് ക്രിട്ടിക്കൽ കെയർ അസോസിയേറ്റ് കൺസൾട്ടന്റ് ഡോ. അജ്മൽ അബ്ദുൾ ഖരീമും അവതരിപ്പിക്കും.

# വാക്ക് ഇൻ ഇന്റർവ്യൂ

കേരള മഹിള സമഖ്യ സൊസൈറ്റിയുടെ കീഴിൽ ഇടുക്കി ജില്ലയിലെ മറയൂർ മഹിള ശിക്ഷൺ കേന്ദ്രത്തിലേക്ക് ക്ലീനിംഗ് കം കുക്കിംഗ് അസിസ്റ്റന്റ് തസ്തികയിലെ ഒരു ഒഴിവിലേക്ക് മലയാളം എഴുതാനും വായിക്കാനും അറിയാവുന്ന 23 വയസിന് മുകളിൽ പ്രായമുള്ള വനിതകൾക്കായി വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. പ്രതിമാസ വേതനം 6000 രൂപ. താൽപര്യമുള്ളവർ സെപ്റ്റംബർ 24 രാവിലെ 10 ന് മറയൂർ സഹായഗിരി ആശുപത്രിക്ക് സമീപമുള്ള മഹിള ശിക്ഷൺ കേന്ദ്രത്തിൽ അഭിമുഖത്തിന് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 04712348666.

# ശാസ്ത്രപഠനം രസകരമാക്കാൻ മഴവില്ല്: ദേശീയ ശില്പശാലയിൽ വിദഗ്ധരുടെ സംവാദം

കെ-ഡിസ്കിന്റെ നൂതന ശിശുകേന്ദ്രിത ശാസ്ത്രപഠനപദ്ധതി 'മഴവില്ല് 'ടീച്ച് സയൻസ് ഫോർ കേരള' യുടെ നാഷണൽ റിസോഴ്സ് ഗ്രൂപ്പ് മീറ്റിംഗും പദ്ധതിയുടെ രീതിശാസ്ത്രവുമായി ബന്ധപ്പെട്ട ഏകദിന ശാസ്ത്രവിദ്യാഭ്യാസ ദേശീയ ശില്പശാലയും തിരുവനന്തപുരത്ത് നടന്നു.

സംയോജിത തീമാറ്റിക് സമീപനം, പ്രശ്നാധിഷ്ഠിത പഠനം, അന്വേഷണാധിഷ്ഠിത പഠനരീതിശാസ്ത്രം എന്നിവയാണ് പദ്ധതിയുടെ അടിത്തറ. നേരിട്ടുള്ള പഠിപ്പിക്കൽ രീതികൾ ഒഴിവാക്കി, കമ്മ്യൂണിറ്റി സ്കഫോൾഡിങ് വഴിയുള്ള പഠനാനുഭവവും പരിവർത്തനാത്മക വിലയിരുത്തലും പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളാണ്. ഗവേഷണ-അക്കാദമിക് സ്ഥാപനങ്ങളുമായി സഹകരിച്ച്, കേരള പാഠ്യപദ്ധതി ചട്ടക്കൂടിനെ അടിസ്ഥാനമാക്കി സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തിയാണ് പദ്ധതി മുന്നോട്ട് കൊണ്ടുപോകുന്നത്.വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ ഉന്നയിക്കാനും, പരീക്ഷണങ്ങൾ സ്വയം നടത്താനും, കണ്ടെത്തലുകൾ പങ്കുവെക്കാനും അവസരം ഒരുക്കുന്ന രീതിയിലാണ് മഴവില്ല് പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നത്. ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള പ്രായോഗിക പ്രവർത്തനങ്ങളിലൂടെയും, വിശകലനത്തിലൂടെയും, ശാസ്ത്രവുമായി ബന്ധപ്പെട്ട കളികൾ, സ്കിറ്റ്, റോൾപ്ലേ തുടങ്ങിയ സൃഷ്ടിപരമായ പ്രവർത്തനങ്ങളിലൂടെയും കുട്ടികളിൽ ശാസ്ത്രബോധവും അന്വേഷണാത്മക മനോഭാവവും വളർത്തി ശാസ്ത്രപഠനം രസകരമാക്കുന്നതിനാണ് ഊന്നൽ.

കെ-ഡിസ്ക് മെമ്പർ സെക്രട്ടറി ഡോ. പി വി ഉണ്ണികൃഷ്ണൻ അധ്യക്ഷനായ ചടങ്ങിൽ, മഴവില്ല് സ്റ്റേറ്റ് കോർഡിനേറ്റർ ഡോ. ദുർഗമാലതി സ്വാഗതം പറഞ്ഞു. മഴവില്ല് പദ്ധതിയുടെ നാൾവഴികൾ സ്റ്റേറ്റ് അഡ്വൈസർ പി കെ രവീന്ദ്രൻ അവതരിപ്പിച്ചു.'ആശയങ്ങളെ പരസ്പ്പരം ബന്ധിപ്പിച്ചുകൊണ്ട് യുക്തിപരമായ തുടർച്ചയിൽ പ്രവർത്തനാധിഷ്ഠിതമായ ശാസ്ത്രപഠനമാണ് മഴവില്ല് മുന്നോട്ട് വയ്ക്കുന്നതെന്ന് പി കെ രവീന്ദ്രൻ അഭിപ്രായപ്പെട്ടു. കെഡിസ്ക് നടപ്പിലാക്കുന്ന വ്യത്യസ്ത പദ്ധതികൾ തമ്മിലുള്ള പരസ്പരബന്ധവും വിജ്ഞാന കേരളമെന്ന സ്വപ്നത്തിലേക്ക് കെഡിസ്ക് നടപ്പിലാക്കുന്ന വ്യത്യസ്ത പദ്ധതികൾക്കൊപ്പം മഴവില്ലിനുള്ള പ്രസക്തിയും കെഡിസ്ക്ക് മെമ്പർ സെക്രട്ടറി ഡോ പി വി ഉണ്ണികൃഷ്ണൻ വ്യക്തമാക്കി.

പാഠ്യപദ്ധതിയുടെ ലക്ഷ്യങ്ങളും പുരോഗതിയും വിലയിരുത്തി പൊതുവിദ്യാഭ്യാസ വകുപ്പിലേക്ക് മഴവില്ല് ഉൾപ്പെടുത്തുന്നതിനായുള്ള സമഗ്രമായ ആസൂത്രണം സ്റ്റേറ്റ്, നാഷണൽ റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങളുടെ നേതൃത്വത്തിൽ നടന്നു.

# സെക്കന്റ് ക്ലാസ് ബോയിലർ അറ്റൻഡന്റ് കോംപീറ്റൻസി പരീക്ഷ

ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് നടത്തുന്ന സെക്കന്റ് ക്ലാസ് ബോയിലർ കോംപീറ്റൻസി പരീക്ഷ ഡിസംബർ 16, 17, 18 തീയതികളിൽ നടക്കും. അപേക്ഷ ഒക്ടോബർ 3 മുതൽ 24 വരെ ഓൺലൈനായി സ്വീകരിക്കും. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും ബന്ധപ്പെട്ട പ്രമാണങ്ങളുടെ പകർപ്പും നവംബർ 6 വൈകിട്ട് 5 നകം ലഭ്യമാക്കണം. വിശദവിവരങ്ങൾക്ക്: www.fabkerala.gov.in.

# യൂറോപ്യൻ യൂണിയനുമായുള്ള ബന്ധം തീരദേശ പരിപാലനത്തിന് ഗുണകരമാകുമെന്ന് ഫ്രഞ്ച് നയതന്ത്ര പ്രതിനിധി

തിരുവനന്തപുരം: കാലാവസ്ഥാ വ്യതിയാനത്തിൻറെ പശ്ചാത്തലത്തിൽ സംസ്ഥാനം നേരിടുന്ന തീരദേശ മണ്ണൊലിപ്പും തീവ്രമായ കാലാവസ്ഥാ പ്രതിഭാസങ്ങളും പരിഹരിക്കുന്നതിന് യൂറോപ്യൻ യൂണിയനുമായുള്ള സഹകരണം കരുത്ത് പകരുമെന്ന് ഫ്രാൻസ് എംബസി മിനിസ്റ്റർ കൗൺസിലർ ഡാമിയൻ സയ്യിദ് പറഞ്ഞു.കോവളത്ത് നടക്കുന്ന കേരള-യൂറോപ്യൻ യൂണിയൻ ബ്ലൂ ഇക്കോണമി കോൺക്ലേവിൻറെ ഭാഗമായി തീരദേശ വികസനവും കാലാവസ്ഥയെ പ്രതിരോധിക്കുന്ന അടിസ്ഥാന സൗകര്യങ്ങളും എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിലാണ് ഈ അഭിപ്രായമുയർന്നത്.

അടിസ്ഥാന സൗകര്യങ്ങളുടെ പ്രതിരോധ ശേഷിയും കാലാവസ്ഥാ വ്യതിയാനത്തെ നേരിടലുമാണ് ഇന്തോ-ഫ്രഞ്ച് സഹകരണത്തിൻറെ നട്ടെല്ല്. കാലാവസ്ഥാ മാറ്റത്തിൻറെ ഭാഗമായി ഉണ്ടാകുന്ന വെള്ളപ്പൊക്കം, തീരശോഷണം, മണ്ണിടിച്ചിൽ, പ്രകൃതിദുരന്തങ്ങൾ എന്നിവ നേരിടുന്നതിന് കേരളവും ഫ്രാൻസും തമ്മിൽ സഹകരണം വേണം. അതിനോടൊപ്പം പ്രദേശിക സമൂഹത്തെ ശക്തിപ്പെടുത്താനും ശ്രമം ഉണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു. തീരദേശ അടിസ്ഥാന സൗകര്യങ്ങൾ രൂപകൽപ്പന ചെയ്യുമ്പോൾ കാലാവസ്ഥാ വ്യതിയാന പ്രതിരോധശേഷി ഉറപ്പാക്കുന്നതിനായി വേണ്ടത്ര നിക്ഷേപം വകയിരുത്തണമെന്ന് കേന്ദ്ര എർത്ത് സയൻസ് മന്ത്രാലയത്തിലെ ഡീപ്പ് ഓഷ്യൻ മിഷൻ ഡയറക്ടർ ഡോ. രമണ മൂർത്തി പറഞ്ഞു.

സംസ്ഥാനത്തിന് സമഗ്രമായ കാലാവസ്ഥാ വ്യതിയാന പ്രതിരോധ പദ്ധതിയും ദുരന്തനിവാരണ പദ്ധതിയുമുണ്ടെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ കുര്യാക്കോസ് പറഞ്ഞു. പ്രാദേശിക തലത്തിൽ ഡിസാസ്റ്റർ മാനേജ്മെൻറ്, ക്ലൈമറ്റ് ആക്ഷൻ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ദുരന്ത നിവാരണ രംഗത്ത് സംസ്ഥാനം ഇതിനോടകം തന്നെ യൂറോപ്യൻ യൂണിയൻറെ ചില രാജ്യങ്ങളിലെ സ്ഥാപനങ്ങളുമായി സഹകരണം തുടങ്ങിക്കഴിഞ്ഞതായും അദ്ദേഹം വ്യക്തമാക്കി.

കാലാവസ്ഥാ വ്യതിയാനങ്ങളെ നേരിടുന്നതിന് സംസ്ഥാനത്തിന് പ്രായോഗികമായ തീരനയം ആവശ്യമാണെന്ന് സംസ്ഥാന പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാനും ചർച്ചയുടെ മോഡറേറ്ററുമായ വി. കെ രാമചന്ദ്രൻ പറഞ്ഞു. വ്യക്തിഗതവും സാമൂഹികവുമായ വരുമാനം വർധിപ്പിക്കുക, മത്സ്യത്തൊഴിലാളികളുടെ ജീവിതം ആധുനികവും പുരോഗമനപരവുമായ രീതിയിൽ മാറ്റുന്നതിനുള്ള സാഹചര്യം ഒരുക്കുക, സമുദ്ര മത്സ്യബന്ധന രംഗത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കുക, ദുരന്തങ്ങളെ നേരിടുന്നതിനുള്ള സജ്ജീകരണങ്ങളും മാനേജ്മെൻറും മെച്ചപ്പെടുത്തുക തുടങ്ങിയവയാണ് സംസ്ഥാനത്തിൻറെ മുൻഗണനകളെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മെഴ്സക് ഗ്രൂപ്പിൻറെ എപിഎം ടെർമിനൽ പ്രതിനിധി അവിനാശ് കൽസെയും സെഷനിൽ പങ്കെടുത്തു.




**ബ്ലൂ ഇക്കോണമി കോൺക്ലേവിൻറെ ഭാഗമായി തീരദേശ വികസനവും കാലാവസ്ഥയെ പ്രതിരോധിക്കുന്ന അടിസ്ഥാന സൗകര്യങ്ങളും എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിൽ ഫ്രഞ്ച് നയതന്ത്ര പ്രതിനിധി ഡാമിയൻ സയ്യിദ് സംസാരിക്കുന്നു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ കുര്യാക്കോസ്, സംസ്ഥാന പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ വി. കെ രാമചന്ദ്രൻ, ഭൂവിജ്ഞാന മന്ത്രാലയത്തിലെ ഡീപ്പ് ഓഷ്യൻ മിഷൻ ഡയറക്ടർ ഡോ. രമണ മൂർത്തി, മെഴ്സക് ഗ്രൂപ്പിൻറെ എപിഎം ടെർമിനൽ പ്രതിനിധി അവിനാശ് കൽസെ എന്നിവർ.**

# നീല സമ്പദ് വ്യവസ്ഥയിലൂടെയുള്ള സുസ്ഥിര വികസനത്തിനായി കേരളം പ്രവർത്തിക്കും: മുഖ്യമന്ത്രി

തിരുവനന്തപുരം: സാമ്പത്തിക വളർച്ചയും പാരിസ്ഥിതിക സുസ്ഥിരതയും സന്തുലിതമാക്കുന്ന നീല സമ്പദ് വ്യവസ്ഥാ കാഴ്ചപ്പാട് കേരളം സ്വീകരിക്കുന്നുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന ഫിഷറീസ് വകുപ്പ് കേന്ദ്ര സർക്കാരിൻറെയും യൂറോപ്യൻ യൂണിയൻറെയും സഹകരണത്തോടെ 'രണ്ട് തീരങ്ങൾ, ഒരേ കാഴ്ചപ്പാട്' എന്ന പ്രമേയത്തിൽ സംഘടിപ്പിച്ച ബ്ലൂ ടൈഡ്സ്: കേരള-യൂറോപ്യൻ യൂണിയൻ കോൺക്ലേവ് കോവളത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പരസ്പര ബഹുമാനത്തിലും മൂല്യങ്ങളിലും അധിഷ്ഠിതമായ കേരള-യൂറോപ്യൻ യൂണിയൻ സഹകരണം സമുദ്രാധിഷ്ഠിത വളർച്ചയുടെ സുസ്ഥിര വികസനത്തിൽ ഇരു പങ്കാളികൾക്കും ധാരാളം അവസരങ്ങൾ തുറക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. യൂറോപ്യൻ യൂണിയനുമായുള്ള സഹകരണം, നവീകരണം, സുസ്ഥിരത എന്നിവയിലെ സുപ്രധാന നാഴികക്കല്ലായ ഈ സമ്മേളനം സംഭാഷണത്തിന് വേണ്ടി മാത്രമല്ല, പൊതു ഭാവി രൂപപ്പെടുത്തുന്നതിനു കൂടി വേണ്ടിയാണ്.കേരളത്തിലെ സമൃദ്ധമായ ജലസ്രോതസ്സുകൾ കൃഷി, മത്സ്യബന്ധനം, വ്യവസായം തുടങ്ങിയ മേഖലകളുടെ വളർച്ചയെ പിന്തുണയ്ക്കുന്നതിനൊപ്പം സുസ്ഥിരതയും ഉറപ്പാക്കുന്നുവെന്ന് മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാനത്ത് ഒരു ദശലക്ഷത്തിലധികം ആളുകൾ നേരിട്ടോ അല്ലാതെയോ മത്സ്യബന്ധനത്തെയും അനുബന്ധ പ്രവർത്തനങ്ങളെയും ആശ്രയിക്കുന്നുണ്ട്. മത്സ്യത്തൊഴിലാളികളെ

സമുദ്ര ജൈവവൈവിധ്യത്തിൻറെയും പരമ്പരാഗത അറിവിൻറെയും സംരക്ഷകർ കൂടിയായിട്ടാണ് കേരളം കണക്കാക്കുന്നത്. സംസ്ഥാനം മത്സ്യബന്ധന തുറമുഖങ്ങൾ നവീകരിക്കുകയും ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുകയും പുതിയ സാങ്കേതിക വിദ്യകൾ അവതരിപ്പിക്കുകയും ചെയ്യുന്നു. അതേസമയം ചെറുകിട പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങളും ഉപജീവന മാർഗ്ഗങ്ങളും സംരക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. മത്സ്യബന്ധന മേഖലയിൽ മൂല്യവർധനവ് വർധിപ്പിക്കുന്നതിനും സമുദ്രോത്പന്ന സംസ്കരണം ശക്തിപ്പെടുത്തുന്നതിനും കയറ്റുമതി വിപണികളെ വൈവിധ്യവൽക്കരിക്കുന്നതിനും കേരളം ദൃഢനിശ്ചയത്തോടെയുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്.

സാമൂഹിക പുരോഗതിക്കൊപ്പം നിക്ഷേപക സൗഹൃദ ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങളിൽ കേരളം വൻതോതിൽ നിക്ഷേപം നടത്തിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. ദേശീയ പാതകൾ, നവീകരിച്ച തുറമുഖങ്ങൾ, മെച്ചപ്പെട്ട വിമാനത്താവള കണക്റ്റിവിറ്റി എന്നിവയിലൂടെ ഗതാഗത ശൃംഖലകൾ ആധുനികവൽക്കരിച്ചു. വടക്ക്-തെക്ക് ഭാഗങ്ങളെ നാല് മണിക്കൂറിനുള്ളിൽ ബന്ധിപ്പിക്കാൻ രൂപകൽപ്പന ചെയ്ത സിൽവർ ലൈൻ സെമി ഹൈ-സ്പീഡ് റെയിൽ പദ്ധതി ഭാവിക്ക് അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിനുള്ള കേരളത്തിൻറെ പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്നതാണ്.

വിഴിഞ്ഞം തുറമുഖം അന്താരാഷ്ട്ര വ്യാപാരത്തിലും ലോജിസ്റ്റിക്സിലും കേരളത്തിൻറെ പങ്ക് പുനർനിർവചിക്കുന്ന ആഗോള ട്രാൻസ്ഷിപ്പ്മെൻറ് ഹബ്ബായി ഉയർന്നുവരുന്നു. വളർന്നുവരുന്ന പുനരുപയോഗ ഊർജ്ജത്തിൻറെയും തടസ്സപ്പെടാത്ത വൈദ്യുതിലഭ്യതയുടെയും പിന്തുണയിൽ വ്യവസായങ്ങൾക്കും സംരംഭങ്ങൾക്കും ആത്മവിശ്വാസത്തോടെ സംസ്ഥാനത്ത് പ്രവർത്തിക്കാനാകുന്നുവെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

സുസ്ഥിരവും സ്വീകാര്യവുമായ സംരംഭങ്ങളിലൂടെ രാജ്യത്തിൻറെ നീല സമ്പദ് വ്യവസ്ഥ വികസിപ്പിക്കുക എന്ന കേന്ദ്ര സർക്കാരിൻറെ കാഴ്ചപ്പാടിൽ കേരളം സുപ്രധാന പങ്ക് വഹിക്കുന്നുണ്ടെന്ന് വിശിഷ്ടാതിഥിയായിരുന്ന കേന്ദ്ര ഫിഷറീസ് മൃഗസംരക്ഷണ ക്ഷീരവികസന മന്ത്രി രാജീവ് രഞ്ജൻ സിംഗ് പറഞ്ഞു. കേന്ദ്ര സർക്കാർ സംരംഭങ്ങളുടെ ഫലമായി രാജ്യത്തിൻറെ മത്സ്യ ഉൽപാദനം ഗണ്യമായി വർദ്ധിച്ചു. ഇത് കയറ്റുമതി മേഖലയ്ക്ക് ഗുണം ചെയ്തുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കേരള-യൂറോപ്യൻ യൂണിയൻ സമ്മേളനം പങ്കാളിത്തങ്ങൾ കെട്ടിപ്പടുക്കുന്നതിനുള്ള വേദി മാത്രമല്ലെന്നും നിരവധി സുപ്രധാന പദ്ധതികളിലൂടെ നീല സമ്പദ് വ്യവസ്ഥയുടെ സുസ്ഥിര വികസനത്തിനായുള്ള ഇന്ത്യയുടെ പ്രതിബദ്ധതയുടെ പ്രതിഫലനം കൂടിയാണെന്ന് ഓൺലൈനായി സമ്മേളനത്തെ അഭിസംബോധന ചെയ്ത കേന്ദ്ര തുറമുഖ ഷിപ്പിംഗ് ജലപാത മന്ത്രി സർബാനന്ദ സോനോവാൾ പറഞ്ഞു.

ഇന്ത്യയെ വികസിത രാഷ്ട്രമാക്കുക എന്ന കേന്ദ്ര സർക്കാരിൻറെ ദർശനത്തിൽ നീല സമ്പദ് വ്യവസ്ഥയ്ക്ക് പ്രധാന സ്ഥാനമുണ്ടെന്ന് കേന്ദ്ര ഫിഷറീസ് മൃഗസംരക്ഷണ ക്ഷീര വികസന സഹമന്ത്രി ജോർജ് കുര്യൻ ചൂണ്ടിക്കാട്ടി. ഈ ശ്രമത്തിൽ ശക്തമായ പങ്കാളിത്തങ്ങൾ വികസിപ്പിക്കേണ്ടത് പ്രധാനമാണെന്ന് പറഞ്ഞ കുര്യൻ ഇത്തരത്തിലൊരു കോൺക്ലേവ് സംഘടിപ്പിച്ചതിന് കേരളത്തെ പ്രശംസിച്ചു.

ഇന്ത്യയിലെയും യൂറോപ്പിലെയും സ്വകാര്യ പങ്കാളികൾ ഉൾപ്പെടെയുള്ളവർക്ക് മുന്നിൽ കേരളത്തിൻറെ സാധ്യതകൾ പ്രദർശിപ്പിക്കുന്നതിനുള്ള അവസരം കോൺക്ലേവ് തുറന്നിടുന്നുവെന്ന് ഇന്ത്യയിലെ യൂറോപ്യൻ യൂണിയൻ അംബാസഡർ ഹെർവ് ഡെൽഫിൻ മുഖ്യപ്രഭാഷണത്തിൽ ചൂണ്ടിക്കാട്ടി. മത്സ്യബന്ധന മേഖലയിൽ നവീകരണം, സുസ്ഥിരത, ഉപജീവനമാർഗ്ഗം ശക്തിപ്പെടുത്തൽ എന്നിവ മുന്നോട്ട് കൊണ്ടുപോകുന്നതിൽ കേരളം മാതൃകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേരളത്തിൻറെ മത്സ്യബന്ധനത്തിൻറെ ഭാവി നീല സമ്പദ് വ്യവസ്ഥയുടെ തത്വങ്ങൾ സ്വീകരിക്കുന്നതിലാണെന്ന് അധ്യക്ഷത വഹിച്ച ഫിഷറീസ് സാംസ്കാരിക യുവജനകാര്യ മന്ത്രി സജി ചെറിയാൻ പറഞ്ഞു. സമുദ്ര ആവാസവ്യവസ്ഥ വരുമാന സ്രോതസ് എന്നതിലുപരി സംരക്ഷിക്കപ്പെടേണ്ട പൈതൃകമായിട്ടാണ് സംസ്ഥാനം കാണുന്നത്. അതുകൊണ്ടാണ് യൂറോപ്യൻ യൂണിയനുമായി സഹകരണം വർധിപ്പിക്കാൻ കേരളം ആഗ്രഹിക്കുന്നത്. യൂറോപ്പ് ലോകത്തിലെ ഏറ്റവും വലിയ സമുദ്രോത്പന്ന വിപണികളിൽ ഒന്നാണ്. എന്നാൽ വ്യാപാരത്തിനപ്പുറം സംസ്കരണം, മൂല്യവർധനവ്, അക്വാകൾച്ചറിലെ സാങ്കേതിക കൈമാറ്റം, സമുദ്ര ശാസ്ത്രത്തിലെ സഹകരണ ഗവേഷണം, മത്സ്യത്തൊഴിലാളികൾക്കുള്ള പരിശീലന പരിപാടികൾ എന്നിവയിലെ സംയുക്ത സംരംഭങ്ങളിൽ സാധ്യതകളുണ്ട്.

തീരദേശ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുകയും മത്സ്യത്തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക എന്നത് സംസ്ഥാന സർക്കാരിൻറെ പ്രധാന മുൻഗണനയാണെന്ന് സജി ചെറിയാൻ വ്യക്തമാക്കി. സുസ്ഥിരവും ശാസ്ത്രീയവുമായ മത്സ്യബന്ധനത്തിലേക്കുള്ള മാറ്റത്തെ കേരളം പ്രോത്സാഹിപ്പിക്കുന്നു. പരമ്പരാഗത സംവിധാനങ്ങൾക്കൊപ്പം ആധുനിക രീതികൾക്കും സംസ്ഥാനം പ്രാധാന്യം നൽകുന്നുണ്ട്. സമുദ്ര സമ്പദ്വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിന് വിപുലമായ വിദ്യാഭ്യാസ, ഗവേഷണ, നവീകരണ പരിപാടികൾക്ക് ഊന്നൽ നൽകുന്നുണ്ട്. തീരദേശ മണ്ണൊലിപ്പും ഉയരുന്ന സമുദ്രനിരപ്പും ഉണ്ടാക്കുന്ന വെല്ലുവിളികളെ നേരിടാൻ സംയോജിത തീരദേശ മാനേജ്മെൻറ് പദ്ധതികൾ സംസ്ഥാനം ഏറ്റെടുത്തിട്ടുണ്ട്. കാലാവസ്ഥാ പ്രവചനത്തിലും തീരദേശ എഞ്ചിനീയറിംഗിലും യൂറോപ്യൻ യൂണിയൻറെ വൈദഗ്ധ്യം പ്രയോജനപ്പെടുത്തുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

തുടർന്ന് സംസാരിച്ച പ്രമുഖ വ്യവസായിയും നോർക്ക റൂട്ട്സ് വൈസ് ചെയർമാനുമായ എം.എ യൂസഫലി സംസ്ഥാനത്തെ മത്സ്യ സംസ്കരണ മേഖലയിൽ മൂലധന നിക്ഷേപം നടത്തുന്നതിനുള്ള ലുലു ഗ്രൂപ്പിൻറെ താൽപര്യം അറിയിച്ചു.

റവന്യൂ മന്ത്രി കെ.രാജൻ, ധനകാര്യ മന്ത്രി കെ.എൻ ബാലഗോപാൽ, മ്യൂസിയം പുരാവസ്തു വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, പൊതുമരാമത്ത് ടൂറിസം മന്ത്രി പി.എ മുഹമ്മദ് റിയാസ്, ആരോഗ്യ വനിതാ ശിശുക്ഷേമ മന്ത്രി വീണ ജോർജ്, മൃഗസംരക്ഷണ ക്ഷീര വികസന മന്ത്രി ജെ. ചിഞ്ചുറാണി, കേരള സർക്കാരിൻറെ ഡൽഹി പ്രതിനിധി കെ.വി തോമസ്, ഫിഷറീസ് ഡയറക്ടർ ചെൽസാസിനി വി. എന്നിവരും ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. സംസ്ഥാന ചീഫ് സെക്രട്ടറി ഡോ. എ.ജയതിലക് സ്വാഗതവും സംസ്ഥാന ഫിഷറീസ് വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അബ്ദുൾ നാസർ ബി നന്ദിയും രേഖപ്പെടുത്തി. 18 യൂറോപ്യൻ യൂണിയൻ രാജ്യങ്ങളിൽ നിന്നുള്ള അംബാസഡർമാരും പ്രതിനിധികളുമാണ് സമ്മേളനത്തിൽ പങ്കെടുത്തത്.

# അഫ്ഗാൻ പുറത്ത്; ശ്രീലങ്കയും ബംഗ്ലാദേശും സൂപ്പർ ഫോറിൽ

അബുദാബി: ഏഷ്യ കപ്പ് ടൺറി-20 ക്രിക്കറ്റിൽ ഗ്രൂപ്പ് ബിയിലെ നിർണായക മത്സരത്തിൽ അഫ്ഗാനിസ്ഥാന് തോൽവി. ശ്രീലങ്കയാണ് അഫ്ഗാനെ കീഴടക്കിയത്. ആറ് വിക്കറ്റിനായിരുന്നു ലങ്കയുടെ ജയം. ഇതോടെ ശ്രീലങ്കയും ബംഗ്ലാദേശും സൂപ്പർ ഫോറിലെത്തി.

അഫ്ഗാനിസ്ഥാൻ ഉയർത്തിയ 170 റൺസ് വിജയലക്ഷ്യം ശ്രീലങ്ക എട്ട് പന്തുകൾ ശേഷിക്കെ മറികടന്നു. കുശാൽ മെൻഡിസിന്റെ മികച്ച പ്രകടനമാണ് ശ്രീലങ്കയെ വിജയത്തിലെത്തിച്ചത്. 52 പന്തുകൾ നേരിട്ട കുശാൽ പുറത്താകാതെ 74 റൺസെടുത്തു.

കുശാൽ പെരെര 28 റൺസും കമിന്ദു മെൻഡിസ് പുറത്താകാതെ 26 റൺസും നേടി. ജയത്തോടെ ശ്രീലങ്ക ഗ്രൂപ്പ് ബിയിൽ ആറ് പോയിൻറുമായി ഒന്നാം സ്ഥാനത്താണ്.

ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത അഫ്ഗാൻ മുഹമ്മദ് നബിയുടെ അർധസെഞ്ചുറി കരുത്തിലാണ് ഭേദപ്പെട്ട നിലയിലെത്തിയത്. 22 പന്തിൽ ആറ് സിക്സും മൂന്ന് ഫോറും ഉൾപ്പെടെ 60 റൺസ് നേടിയ മുഹമ്മദ് നബി അവസാന പന്തിൽ റൺഔട്ടാകുകയായിരുന്നു.

മുഹമ്മദ് നബിക്കു പുറമേ ഇബ്രാഹിം സദ്രാനും റാഷിദ് ഖാനും 24 റൺസ് വീതവും അഫ്ഗാനായി നേടി. ശ്രീലങ്കയ്ക്കായി നുവാൻ തുഷാര നാല് വിക്കറ്റ് വീഴ്ത്തി.

# പ്രവാസി സംരംഭകർക്കായി നോർക്ക റൂട്ട്സ് – പരിശീലന പരിപാടി സെപ്റ്റംബർ 24 ന്

പ്രവാസികൾക്കും തിരിച്ചെത്തിയ പ്രവാസികൾക്കുമായി നോർക്കാ റൂട്ട്സ്സും സംസ്ഥാന സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റും (സി.എം.ഡി) സംയുക്തമായി സംഘടിപ്പിക്കുന്ന എൻ.ഡി.പി.ആർ.ഇ.എം പരിശീലന പരിപാടി സെപ്റ്റംബർ 24 ന് ഇടുക്കി കട്ടപ്പനയിൽ. പങ്കെടുക്കാൻ താല്പര്യമുള്ളവർക്ക് ശില്പശാല നടക്കുന്ന കട്ടപ്പന പള്ളിക്കവല സി.എസ്.ഐ ഗാർഡൻസ് ബിൽഡിംഗിലെ വൈ.എം.സി.എ ഹാളിൽ (സെന്റ് ജോർജ് കത്തോലിക്കാ പള്ളിക്ക് സമീപം) രാവിലെ 9.30 മുതൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

തിരിച്ചെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി സംസ്ഥാന സർക്കാർ നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രൻസ് അഥവ എൻ.ഡി.പി.ആർ.ഇ.എം. ഉചിതമായ സംരംഭങ്ങൾ തിരഞ്ഞെടുക്കുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ സാമ്പത്തിക, നിയമ, മാനേജ്മെന്റ് മേഖലകളെ സംബന്ധിച്ചുള്ള മാർഗനിർദ്ദേശങ്ങളും ലഭ്യമാകുന്നതാണ് പരിശീലനം. വിശദ വിവരങ്ങൾക്ക് സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ് ഹെൽപ്പ് ഡെസ്കിലെ 0471 2329738, +91-8078249505 എന്നീ നമ്പറുകളിൽ (പ്രവൃത്തി ദിനങ്ങളിൽ, ഓഫീസ് സമയത്ത്) ബന്ധപ്പെടാവുന്നതാണ്.

രണ്ട് വർഷത്തിൽ കൂടുതൽ വിദേശത്തു ജോലിചെയ്തു നാട്ടിൽ സ്ഥിരതാമസമാക്കിയ പ്രവാസികേരളീയർക്ക് സ്വയംതൊഴിലോ സംരംഭങ്ങളോ ആരംഭിക്കുന്നതിനും നിലവിലുള്ളവയുടെ വിപുലീകരണത്തിനും പ്രയോജനപ്പെടുന്നതാണ് എൻ.ഡി.പി.ആർ.ഇ.എം പദ്ധതി. താൽപര്യമുള്ളവർക്ക് നോർക്ക റൂട്ട്സ് വെബ്ബ്സൈറ്റായ ംWW. norkaroots. kerala.gov.in സന്ദർശിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൃത്യമായ വായ്പാ തിരിച്ചടവിന് 15 ശതമാനം മൂലധന സബ്സിഡിയും (പരമാവധി മൂന്നു ലക്ഷം രൂപ വരെ) മൂന്നു ശതമാനം പലിശ സബ്സിഡിയും (ആദ്യത്തെ നാലു വർഷം) എൻ.ഡി.പി.ആർ.ഇ.എം പദ്ധതി വഴി സംരംഭകർക്ക് ലഭിക്കും. പദ്ധതി സംബന്ധിക്കുന്ന കൂടുതൽ വിവരങ്ങൾക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +91-8802012345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്) ബന്ധപ്പെടാവുന്നതാണ്.

# ആലപ്പുഴയിൽ മിനിലോറിയും കാറും കൂട്ടിയിടിച്ച് അപകടം

ആലപ്പുഴ: കളക്ടറേറ്റ് ജംഗ്ഷനിൽ മിനിലോറിയും കാറും കൂട്ടിയിടിച്ച് അപകടം. ഇടിയുടെ ആഘാതത്തിൽ ഇരുവാഹനങ്ങളും സമീപത്തെ വീടിന്റെ മതിലിലിടിച്ച് മതിൽ തകർന്നു.

വ്യാഴാഴ്ച പുലർച്ചെയാണ് അപകടമുണ്ടായത്. കോൺവെൻറ് സ്ക്വയർ ഭാഗത്തുനിന്ന് വന്ന ലോറിയും ബീച്ച് ഭാഗത്തേക്ക് പോയ കാറും തമ്മിലാണ് കൂട്ടിയിടിച്ചത്. അപകടത്തെ തുടർന്ന സമീപത്തെ കേബിൾ വലിച്ച ഇരുമ്പുതൂണും തകർന്നിട്ടുണ്ട്. അപകടസാധ്യത കണക്കിലെടുത്ത് വാഹനങ്ങൾ എടുത്തുമാറ്റി. സംഭവത്തിൽ ആർക്കും പരിക്കില്ല.

# കേരള – യൂറോപ്യൻ യൂണിയൻ കോൺക്ലേവ്: എക്സ്പോ ശ്രദ്ധേയം

തിരുവനന്തപുരം: സംസ്ഥാന ഫിഷറീസ് വകുപ്പ് കേന്ദ്ര സർക്കാരിൻറെയും യൂറോപ്യൻ യൂണിയൻറെയും സഹകരണത്തോടെ സംഘടിപ്പിക്കുന്ന ബ്ലൂ ടൈഡ്സ്: കേരള-യൂറോപ്യൻ യൂണിയൻ ദ്വിദിന കോൺക്ലേവിലെ എക്സ്പോ ശ്രദ്ധേയം.

റവന്യു മന്ത്രി കെ.രാജൻ എക്സ്പോ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ഫിഷറീസ് സാംസ്കാരിക യുവജനകാര്യ മന്ത്രി സജി ചെറിയാൻ പങ്കെടുത്തു.

കേരളത്തിൻറെ പരമ്പരാഗത മത്സ്യബന്ധന രീതികൾ, അക്വാകൾച്ചർ മാനേജ്മെൻറ്, തീരദേശ വികസനം, ഷിപ്പിംഗ്, സാങ്കേതിക വിദ്യകൾ തുടങ്ങി നിരവധി മേഖലകളിലെ വിവരങ്ങളും ഉത്പന്നങ്ങളും എക്സ്പോയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡവലപ്മെൻറ് അതോറിറ്റി എന്നിവയുടെ സ്റ്റാളുകൾ സുസ്ഥിര മത്സ്യബന്ധനം, മത്സ്യകൃഷി, തുറമുഖ നവീകരണം തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങളിലേക്ക് വഴി തുറക്കുന്നു. ഹാൻറെക്സ്, ഹാൻവീവ്, വനിത എച്ച് ഡബ്ളിയു സി എസ് എന്നിവയുടെ കൈത്തറി ഉത്പന്നങ്ങളും വെള്ളാറിലെ ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജ്, കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷൻ, സ്പൈസസ് ബോർഡ് എന്നിവിടങ്ങളിൽ നിർമ്മിച്ച ഉത്പന്നങ്ങളും എക്സ്പോയിലുണ്ട്.



ബ്ലൂ ടൈഡ്സ്: കേരള-യൂറോപ്യൻ യൂണിയൻ ദ്വിദിന കോൺക്ലേവിലെ എക്സ്പോ റവന്യു മന്ത്രി കെ.രാജൻ ഉദ്ഘാടനം ചെയ്യുന്നു. ഫിഷറീസ് സാംസ്കാരിക യുവജനകാര്യ മന്ത്രി സജി ചെറിയാൻ സമീപം.

മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന വിവിധ വള്ളങ്ങളുടേയും വലകളുടേയും മാതൃകകൾ, കടലിൽ നിന്നുള്ള വിവിധ അലങ്കാര മത്സ്യങ്ങൾ, മത്സങ്ങളുടെ ചെവിക്കല്ല് കൊണ്ടു നിർമ്മിച്ച ആഭരണങ്ങൾ, കാലാവസ്ഥാ വ്യതിയാനത്തോട് പൊരുത്തപ്പെടുന്നതിനും അതിൻറെ ദൂഷ്യഫലങ്ങൾ ജലജീവികളുടെ ആവാസ വ്യവസ്ഥയെ ബാധിക്കാതിരിക്കുന്നതിനുമുള്ള നൂതന പരിഹാര മാർഗങ്ങൾ തുടങ്ങിയവ പ്രദർശന സ്റ്റാളുകളെ വേറിട്ടതാക്കുന്നു.

സെപ്റ്റംബർ 18, 19 തീയതികളിൽ കോവളം ദി ലീല റാവിസിൽ നടന്ന കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

കേന്ദ്ര ഫിഷറീസ് മൃഗസംരക്ഷണ ക്ഷീരവികസന മന്ത്രി രാജീവ് രഞ്ജൻ സിംഗ്, കേന്ദ്ര ഫിഷറീസ് മൃഗസംരക്ഷണ ക്ഷീര വികസന സഹമന്ത്രി ജോർജ് കുര്യൻ എന്നിവർ വിശിഷ്ടാതിഥികളായിരുന്നു. 'രണ്ട് തീരങ്ങൾ, ഒരേ കാഴ്ചപ്പാട്' എന്ന പ്രമേയത്തിൽ നടന്ന സമ്മേളനം സമുദ്രാധിഷ്ഠിത സാമ്പത്തിക വളർച്ചയിലൂടെയുള്ള സുസ്ഥിര വികസനവും തീരമേഖലയുടെ സമഗ്ര സമ്പദ് വ്യവസ്ഥയിലെ പങ്കാളിത്തവുമാണ് ലക്ഷ്യമിടുന്നത്.

# ഇന്ത്യയുടെ സമുദ്രാധിഷ്ഠിത വികസന പദ്ധതികളിൽ കേരളത്തിന് വലിയ സാധ്യകളുണ്ടെന്ന് ബ്ലൂ ഇക്കണോമി കോൺക്ലേവ്

തിരുവനന്തപുരം: രാജ്യത്തെ സമുദ്ര മേഖലയുമായി ബന്ധപ്പെട്ട വികസന പദ്ധതികളുടെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തുന്നതിൽ കേരളത്തിന് വലിയ സാധ്യതകളുണ്ടെന്ന് വിദഗ്ധർ. കേരള-യൂറോപ്യൻ യൂണിയൻ ബ്ലൂ ഇക്കണോമി കോൺക്ലേവിൽ 'ഹാർബർ അടിസ്ഥാനസൗകര്യങ്ങളും തുറമുഖ, ലോജിസ്റ്റിക്സ്, ഷിപ്പിംഗ്, കണക്റ്റിവിറ്റി നിക്ഷേപങ്ങളും' എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിലാണ് ഈ അഭിപ്രായമുയർന്നത്. സമുദ്രാധിഷ്ഠിത വികസനത്തിൽ ഇന്ത്യയിലെ ഏറ്റവും മികച്ചതും സുസ്ഥിരവുമായ തീരദേശ സംസ്ഥാനമായി മാറാൻ കേരളത്തിനാകുമെന്നും അവർ അഭിപ്രായപ്പെട്ടു.ഒരു വർഷത്തിനുള്ളിൽ വിഴിഞ്ഞം തുറമുഖം ഒരു ദശലക്ഷം കണ്ടെയ്നറുകൾ കൈകാര്യം ചെയ്തുവെന്നത് ശ്രദ്ധേയമായ നേട്ടമാണെന്നും ഈ മേഖലയിൽ മുൻനിരയിലേക്ക് ഉയരാൻ വിഴിഞ്ഞത്തിനാകുമെന്നും ഇന്ത്യയിലെ ഫിന്നിഷ് അംബാസഡർ കിമ്മോ ലഹ്ദേവിത പറഞ്ഞു. കോൺക്ലേവിൻറെ ആദ്യദിനം ഫിന്നിഷ് അംബാസഡർ ഉൾപ്പെടെയുള്ള യൂറോപ്യൻ യൂണിയൻ പ്രതിനിധികൾ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം സന്ദർശിച്ചിരുന്നു.

തുറമുഖങ്ങൾക്കായുള്ള 5 ജി നെറ്റ് വർക്കുകൾ പോലുള്ള മേഖലകളിൽ ഫിൻലാൻഡിന് സഹകരണം വാഗ്ദാനം ചെയ്യാൻ കഴിയുമെന്നും, നോക്കിയ തൻറെ രാജ്യത്ത് നടപ്പിലാക്കിയിട്ടുള്ളത് ഇതാണെന്നും ഫിന്നിഷ് അംബാസഡർ പറഞ്ഞു.

സുസ്ഥിര തുറമുഖ സംവിധാനം, കണക്റ്റിവിറ്റി, സർവകലാശാലകളും തുറമുഖ അധികാരികളും ഉൾപ്പെടുന്ന ഗവേഷണ സംവിധാനങ്ങൾ എന്നിവയിൽ വർഷങ്ങളുടെ പരിചയസമ്പത്ത് ഉള്ളതിനാൽ റൊമാനിയൻ കമ്പനികൾക്ക് ഇന്ത്യൻ തുറമുഖങ്ങളിൽ വളരെയധികം താൽപ്പര്യമുണ്ടാകുമെന്ന് റൊമാനിയൻ അംബാസഡർ സെന ലത്തീഫ് ചൂണ്ടിക്കാട്ടി.

വിഴിഞ്ഞത്തേക്കുള്ള 19 അംബാസഡർമാരുടെ സന്ദർശനം സംസ്ഥാനത്തെ സംബന്ധിച്ച് സുപ്രധാനമാണെന്നും റെയിൽ, റോഡ് കണക്റ്റിവിറ്റി വേഗത്തിൽ രൂപപ്പെടുന്നതോടെ അന്താരാഷ്ട്ര കമ്പനികൾക്ക് ധാരാളം നിക്ഷേപ അവസരങ്ങൾ തുറമുഖം വാഗ്ദാനം ചെയ്യുന്നുവെന്നും സംസ്ഥാന തുറമുഖ സെക്രട്ടറി ഡോ. എ കൗസിഗൻ പറഞ്ഞു. വിഴിഞ്ഞത്തേക്കുള്ള റെയിൽ, റോഡ് കണക്റ്റിവിറ്റി അതിവേഗം പുരോഗമിക്കുകയാണ്. 2028 അവസാനത്തോടെ വിഴിഞ്ഞം തുറമുഖ



ത്തിൻറെ ശേഷി 4.5 ദശലക്ഷം ടിഇയുവിന് അടുത്തെത്തും. അതിനാൽ അന്താരാഷ്ട്ര നിക്ഷേപകർക്ക് ധാരാളം സാധ്യതകളുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ബേപ്പൂർ പോലുള്ള സ്ഥലങ്ങളിൽ തുറമുഖ വികസനത്തിനും സാമ്പത്തിക മേഖലകൾ വികസിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ സെഷൻ മോഡറേറ്റ് ചെയ്ത മലബാർ ഇൻറർനാഷണൽ പോർട്ട് ആൻഡ് സ്പെഷ്യൽ ഇക്കണോമിക് സോണിൻറെ മാനേജിംഗ് ഡയറക്ടർ ലക്ഷ്മൺ രാധാകൃഷ്ണൻ പറഞ്ഞു.

രാജ്യത്തിൻറെ സമുദ്ര മേഖലയെ കാര്യക്ഷമമാക്കുന്നതിനായി കഴിഞ്ഞ വർഷം അഞ്ച് വ്യത്യസ്ത ബില്ലുകൾ പാസാക്കി ഇന്ത്യൻ പാർലമെൻറ് റെക്കോർഡ് സൃഷ്ടിച്ചതായി കൊച്ചിൻ പോർട്ട് ട്രസ്റ്റ് സിഇഒ കാശി വിശ്വനാഥൻ പറഞ്ഞു. തുറമുഖ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനൊപ്പം കപ്പൽ നിർമ്മാണം, തുറമുഖങ്ങളുടെ ഡിജിറ്റലൈസേഷൻ, ക്രൂയിസ് ടൂറിസം, കണക്റ്റിവിറ്റി തുടങ്ങിയ മേഖലകളും ഇതിൽ ഉൾപ്പെടും. നിലവിൽ രാജ്യത്ത് 12 പ്രധാന തുറമുഖങ്ങളും 210 ചെറുകിട തുറമുഖങ്ങളിലുമായി ഏകദേശം 1,600 ദശലക്ഷം മെട്രിക് ടൺ ചരക്കുകൾ കൈകാര്യം ചെയ്യുന്നുണ്ട്. എല്ലാ തുറമുഖ മേഖലയുടെയും മൊത്തം ശേഷി ഏകദേശം 2,600 ദശലക്ഷം ടൺ ആണ്. എന്നാൽ 2030 ആകുമ്പോഴേക്കും ഇത് ഏകദേശം 3,500 ദശലക്ഷം ടണ്ണായി വികസിപ്പിക്കാനും 2047 ആകുമ്പോഴേക്കും 10,000 ദശലക്ഷം ടൺ എന്ന വലിയ ലക്ഷ്യത്തോടെ വികസിപ്പിക്കാനുമാകും. കൊച്ചിയിലെ ക്രൂയിസ് ടൂറിസം വികസന സാധ്യതകൾ പരിശോധിക്കാൻ നിക്ഷേപകരോട് ആഹ്വാനം ചെയ്ത അദ്ദേഹം ഉടൻ തന്നെ ടെൻഡറുകൾ ക്ഷണിക്കാൻ പദ്ധതിയിടുന്നുവെന്നും കൂട്ടിച്ചേർത്തു.

കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി തൻറെ കമ്പനി നിരവധി പദ്ധതികളിൽ ഏർപ്പെട്ടിട്ടുണ്ടെന്നും കൂടുതൽ സഹകരണത്തിനായി കൊച്ചി തുറമുഖവുമായി ചർച്ചകൾ നടത്തിവരികയാണെന്നും ഷിപ്പിംഗ് സ്ഥാപനമായ സിഎംഎ സിജിഎമ്മിൻറെ സ്ട്രാറ്റജിക് പ്രൊജക്ട്സ് കോർഡിനേറ്റർ അൻറോയിൻ കാൻറൺ പറഞ്ഞു.

ഓഫ്ഷോർ വിൻഡ്, ഗ്രീൻ ഹൈഡ്രജൻ ക്ലസ്റ്ററുകൾ, സ്മാർട്ട് തുറമുഖങ്ങൾ, മത്സ്യബന്ധന തുറമുഖങ്ങൾ, മാലിന്യത്തിൽ നിന്ന് വരുമാനത്തിലേക്കുള്ള മാതൃകകൾ, സമുദ്ര പ്ലാസ്റ്റിക് വീണ്ടെടുക്കൽ എന്നിവയാണ് കേരളത്തിൽ വികസിപ്പിക്കാൻ ഊന്നൽ നൽകുന്ന പ്രധാന പദ്ധതികളെന്ന് 'ഗ്രീൻ ട്രാൻസിഷൻ: സർക്കുലർ ഇക്കണോമി, റിന്യൂവബിൾ/ക്ലീൻ എനർജി ആൻഡ് ഇൻവെസ്റ്റ്മെൻറ്സ്' എന്ന വിഷയത്തിൽ നടന്ന സെഷനിൽ അഭിപ്രായമുയർന്നു. കേരളത്തിൽ ഗ്രീൻ ഹൈഡ്രജൻറെയും മറ്റ് വാതകങ്ങളുടെയും വൻതോതിലുള്ള ഇറക്കുമതിയും സംഭരണ ശേഷിയും ആവശ്യമാണെന്നും പൈപ്പ്ലൈൻ ശൃംഖല മെച്ചപ്പെടുത്തണമെന്ന നിർദേശവും പാനലിസ്റ്റുകൾ മുന്നോട്ടുവച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



വികസന സദസിന്റെ ലോഗോ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ്, റവന്യു പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാളിന് നൽകി പ്രകാശനം ചെയ്യുന്നു.

# വികസന സദസ്സ് : ലോഗോ പ്രകാശനം ചെയ്തു

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വികസന നേട്ടങ്ങൾ ചർച്ച ചെയ്യുന്ന വികസന സദസ്സിന്റെ ലോഗോ പ്രകാശനം ചെയ്തു. നിയമസഭ മീഡിയ റൂമിൽ നടന്ന പരിപാടിയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാളിന് നൽകിയാണ് പ്രകാശനം നിർവഹിച്ചത്. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സെക്രട്ടറി എസ് ഹരികിഷോർ, തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി വി അനുപമ എന്നിവർ സന്നിഹിതരായി.

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് മുന്നോട്ടുവച്ച 'വികസന സദസ്സ്' എന്ന ആശയം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനമൊട്ടാകെയുള്ള തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളിൽ സംഘടിപ്പിക്കുകയാണ്. വികസന സദസ്സ് സംസ്ഥാനതല ഉദ്ഘാടനം സെപ്റ്റംബർ 22ന് രാവിലെ 11 മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിശാഗന്ധി ആഡിറ്റോറിയത്തിൽ നിർവഹിക്കും. കേരളം ഇന്നോളം ആർജ്ജിച്ച സർവതലസ്പർശിയായ നേട്ടങ്ങളും വികസന മുന്നേറ്റങ്ങളും സംബന്ധിച്ച് പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനും നാടിന്റെ ഇനിയുള്ള വികസനഗതി തീരുമാനിക്കുന്നതിന് ജനങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും സ്വരൂപിക്കുന്നതിനുമാണ് വികസന സദസ്സിലൂടെ ലക്ഷ്യമിടുന്നത്.

# കെ. ജെ. ഷൈനിനെതിരായ സൈബർ ആക്രമണത്തിൽ കേസ്; പോലീസ് മൊഴിയെടുത്തു

കൊച്ചി: കെ. ജെ. ഷൈനിനെതിരായ സൈബർ ആക്രമണത്തിൽ കേസെടുത്ത് പോലീസ്. ആലുവ സൈബർ പോലീസ് ഷൈനിന്റെ മൊഴിയെടുത്തു. അപകീർത്തികരമായ വാർത്ത നല്കിയ ഓൺലൈൻ മാധ്യമത്തിനും പത്രത്തിനും അഞ്ച് കോൺഗ്രസ് അനുകൂല പോർട്ടലുകൾക്കുമെതിരേയാണ് കേസെടുത്തത്. സാമൂഹ്യ മാധ്യമങ്ങളിലും ചില മാധ്യമങ്ങളിലും ഷൈനിനെതിരെ നടക്കുന്ന പ്രചരണങ്ങൾക്കെതിരെ പരാതി നൽകിയിരുന്നു. ഇടത് എംഎൽഎയുമായി ബന്ധപ്പെടുത്തി ഉയർന്ന സൈബർ പ്രചരണത്തിനെതിരെയാണ് മുഖ്യമന്ത്രിക്കും ഡിജിപിക്കും വനിതാ കമ്മീഷനും ഷൈൻ പരാതി നൽകിയത്.

# ചാർലി ചാപ്ലിൻ ജീവിതവും കലയും' പ്രകാശനം ചെയ്തു

പി.ജി. സദാനന്ദൻ രചിച്ച് കേരള ഭാഷാ ഇൻസ്റ്റിറ്റിയുട്ട് പ്രസിദ്ധീകരിച്ച 'ചാർലി ചാപ്ലിൻ ജീവിതവും കലയും' എന്ന പുസ്തകപ്രകാശനവും ഏകദിനസെമിനാർ ഉദ്ഘാടനവും തിരുവനന്തപുരം നാലാഞ്ചിറ മാർ ഇവാനിയോസ് കോളെജ് സെമിനാർ ഹാളിൽ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ചെയർമാൻ പ്രേംകുമാർ നിർവഹിച്ചു. അഭിനേത്രി മല്ലിക സുകുമാരൻ പുസ്തകം ഏറ്റുവാങ്ങി. മാർ ഇവാനിയോസ് കോളെജ് മലയാളവിഭാഗത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. എം. സത്യൻ അധ്യക്ഷനായി. മാർ ഇവാനിയോസ് കോളേജ് വൈസ് പ്രിൻസിപ്പാൾ രവ.ഫാദർ വിൻസി വർഗീസ് ആമുഖ ഭാഷണം നടത്തി. അഭിനേതാവും അധ്യാപകനുമായ ഡോ. ടി. ആരോമൽ പുസ്തകം പരിചയപ്പെടുത്തി. മലയാളവിഭാഗം അധ്യാപിക ഡോ. രേഷ്മ കെ.ആർ., പി.ജി. സദാനന്ദൻ എന്നിവർ സംസാരിച്ചു. കേരള ഭാഷാ ഇൻസ്റ്റിറ്റിയുട്ട് അസി. ഡയറക്ടർ എൻ. ജയകൃഷ്ണൻ സ്വാഗതവും മലയാളവിഭാഗം അധ്യക്ഷ ഡോ. സജിത ബി. എൽ. നന്ദിയും പറഞ്ഞു. തുടർന്ന് നടന്ന 'ചാർളി ചാപ്ലിൻ മാനവികതയുടെ തെരുവുവെളിച്ചം' എന്ന സെഷനിൽ ചലച്ചിത്ര നിരൂപകൻ പി. പ്രേമചന്ദ്രൻ വിഷയാവതരണം നടത്തി സംസാരിച്ചു. 'ചിരിയുടെ പൊരുളും ചേരുവകളും മലയാളസിനിമയിലെ ഹാസ്യാഖ്യാനങ്ങൾ' എന്ന സെഷനിൽ ചലച്ചിത്ര നിരൂപകൻ ഡോ. ശിവകുമാർ ആർ. പി. വിഷയാവതരണം നടത്തി സംസാരിച്ചു. മലയാളവിഭാഗം അസിസ്റ്റന്റ് പ്രൊഫസർമാരായ ടോജി വർഗീസ് ടി., ഡോ. ദീപ മേരി ജോസഫ് എന്നിവർ മോഡറേറ്റർമാരായി. കേരള ഭാഷാ ഇൻസ്റ്റിറ്റിയുട്ട് സബ് എഡിറ്റർ ശ്രീരാജ് കെ. വി. നന്ദി പറഞ്ഞു. തുടർന്ന് 2. 30 മുതൽ ചാർളി ചാപ്ലിന്റെ 'ദ കിഡ്' എന്ന ചലച്ചിത്രപ്രദർശനവുമുണ്ടായി.കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ വായനക്കാർക്കരികിലേക്ക് എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രവർത്തനമാരംഭിച്ച കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഞ്ചരിക്കുന്ന പുസ്തകശാല കോളേജിൽ എത്തിയത് വായനക്കാർക്ക് പുസ്തകങ്ങൾ വാങ്ങാനുള്ള സുവർണാവസരമായി.

# 'ഒരു ബോംബ് വരുന്നുണ്ട്; ധൈര്യമായി ഇരിക്കണമെന്ന് പ്രാദേശിക കോൺഗ്രസ് നേതാവ് പറഞ്ഞു. . .'

പറവൂർ: 'ഒരു ബോംബ് വരുന്നുണ്ട്; ടീച്ചർ ധൈര്യമായി ഇരിക്കണമെന്ന് പ്രാദേശിക കോൺഗ്രസ് നേതാവ് പറഞ്ഞുവെന്ന് സിപിഎം പറവൂർ ഏരിയ കമ്മിറ്റി അംഗം കെ. ജെ ഷൈൻ. തനിക്ക് നേരെ നടക്കുന്ന സൈബർ ആക്രമണത്തെക്കുറിച്ച് മാധ്യമപ്രവർത്തകരോട് പ്രതികരിക്കുകയായിരുന്നു അവർ.

ഭ്രൂണഹത്യ ഉൾപ്പെടെ നടത്തിയവർ അതിൽ നിന്ന് രക്ഷപ്പെടാൻ ഒരു സ്ത്രീയെ ഇരയാക്കി നടത്തിയ ശ്രമമാണ് തനിക്കെതിരായ ലൈംഗിക അപവാദ പ്രചരണങ്ങൾക്ക് പിന്നിലുള്ളത്. കോൺഗ്രസ് കേന്ദ്രങ്ങളിൽ നിന്നാണ് ഈ അപവാദങ്ങൾ എല്ലാം വന്നത്. കെടാമംഗലത്തുള്ള ഒരു കോൺഗ്രസ് പ്രവർത്തകനാണ് അപവാദ പോസ്റ്റ് ആദ്യം ഇട്ടത്. ബോംബ് പൊട്ടുമെന്നു പറഞ്ഞ കോൺഗ്രസിന്റെ ഒരു ഉയർന്ന നേതാവ് തന്നെയാണ് ഈ പ്രചരണങ്ങൾക്ക് പിന്നിലെന്നും ഷൈൻ പറഞ്ഞു. പ്രതിപക്ഷ നേതാവാണോ അപവാദ പ്രചരണത്തിന് നേതൃത്വം നൽകിയതെന്ന മാധ്യമപ്രവർത്തകരുടെ ചോദ്യത്തിന്, വേറെ ആരെങ്കിലും ബോംബ് പൊട്ടുമെന്ന വാക്ക് സമീപകാലത്ത് പറഞ്ഞിട്ടുണ്ടോ എന്നായിരുന്നു ഷൈൻ ടീച്ചറുടെ മറുചോദ്യം.

ബോംബു പൊട്ടുമ്പോൾ തളർന്നു പോകരുതെന്ന് ഒരു കോൺഗ്രസ് പ്രാദേശിക നേതാവ് മുന്നറിയിപ്പു തന്നിരുന്നതായും അവർ പറഞ്ഞു. നാട്ടുകാർക്ക് തങ്ങളുടെ കുടുംബത്തെ നന്നായി അറിയാം. അപവാദ പ്രചരണത്തിൽ പറയുന്ന ദിവസം വീടിനു മുൻവശം പ്രാദേശിക ഓണാഘോഷം നടക്കുകയായിരുന്നു. താനും അതിലുണ്ടായിരുന്നു. തുടർന്ന് വാർഡിലെ പരിപാടിയിൽ പങ്കെടുക്കുകയും ബന്ധു ആശുപത്രിയിൽ ആയതിനാൽ അവിടേക്ക് പോകുകയുമായിരുന്നുവെന്ന് ഷൈൻ പറഞ്ഞു.

ചവിട്ടിപ്പൊളിച്ച വാതിൽ ഉടനെ നന്നാക്കിയതായും പഴമ നിലനിൽക്കുന്ന വാതിൽ ചൂണ്ടി ഹാസ്യരൂപത്തിൽ അവർ പ്രതികരിച്ചു. തങ്ങളുടെ ദേഹത്തു പറ്റിയ ചെളി മാറാൻ മറ്റുള്ളവരുടെ ദേഹത്ത് ചെളി വാരി എറിയുകയാണ് കോൺഗ്രസ് ചെയ്തത്. തങ്ങളുടെ ജീവിതം തുറന്ന പുസ്തകമാണ്. ജീവിത പങ്കാളിയെ എപ്പോഴും കൂടെ ചേർത്തു നിർത്തുമെന്നും ഷൈനിന്റെ ഭർത്താവ് ഡൈന്യൂസ് പറഞ്ഞു. സാമൂഹ്യമാധ്യമങ്ങളിലൂടെ തനിക്കെതിരെ നടത്തുന്ന അപവാദ പ്രചാരണങ്ങൾക്കെതിരെ കെ. ജെ. ഷൈൻ മുഖ്യമന്ത്രിക്കും ഡിജിപിക്കും വനിതാ കമ്മീഷനും പരാതി നൽകിയിട്ടുണ്ട്.

# പാലിയേക്കരയിൽ ടോൾ പിരിവ് തിങ്കളാഴ്ച പുനരാരംഭിക്കാമെന്ന് ഹൈക്കോടതി; വ്യവസ്ഥകൾ ബാധകമാകും

കൊച്ചി: പാലിയേക്കരയിൽ തിങ്കളാഴ്ച മുതൽ വ്യവസ്ഥകളോടെ ടോൾ പിരിവ് പുനരാരംഭിക്കാമെന്ന് നിർദേശം നൽകി ഹൈക്കോടതി. തിങ്കളാഴ്ച കോടതി ഉത്തരവ് പുറത്തിറക്കും. ജസ്റ്റീസുമാരായ എ. മുഹമ്മദ് മുഷ്താഖ്, ഹരിശങ്കർ വി. മേനോൻ എന്നിവരുടെ ബെഞ്ചിന്റെയാണ് തീരുമാനം. പാലിയേക്കരയിൽ ടോൾ നിരക്ക് പരിഷ്കരിച്ചതു സംബന്ധിച്ച രേഖകൾ ഹാജരാക്കാനും കോടതി നിർദേശിച്ചു. അതേസമയം, പുതുക്കിയ ടോൾ ആയിരിക്കുമോ ഇനി മുതൽ ഈടാക്കുക എന്നത് ഹൈക്കോടതിയുടെ ഉത്തരവിനു ശേഷമേ വ്യക്തമാകൂ. ടോൾ നിലവിലിരുന്ന സമയത്ത് അഭിമുഖീകരിച്ചിരുന്ന ഗതാഗതക്കുരുക്കുൾപ്പെടെയുള്ള പ്രശ്നങ്ങൾ ഭാവിയിൽ ഉണ്ടാകാതിരിക്കാനുള്ള വ്യവസ്ഥകളായിരിക്കും കോടതി മുന്നോട്ടുവയ്ക്കുന്നത് എന്നാണ് വിവരം. റോഡുകളുടെ അറ്റകുറ്റപ്പണികളും അടിപ്പാതകളുടെ നിർമാണവും ത്വരിതഗതിയിൽ നടപ്പിലാക്കാനുള്ള വ്യവസ്ഥകൾ കോടതിയുടെ ഭാഗത്തുനിന്നുണ്ടായേക്കും. മോണിറ്ററിംഗ് കമ്മിറ്റിയെ നിയമിക്കാനുള്ള തീരുമാനവും ഉണ്ടായേക്കും.

മുന്നൂറ് തൊഴിലാളികളുടെ ജീവിതം പ്രതിസന്ധിയിലാണെന്നും ടോൾ പിരിക്കാനുള്ള ഉത്തരവ് അടിയന്തരമായി നൽകണമെന്നും വെള്ളിയാഴ്ച കേസ് പരിഗണിച്ചപ്പോൾ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരുന്നു.

